LIGHTED TO LIGHTEN

പ്രകാശനായ
പ്രകാശിതഃ

# മലങ്കര സഭാതാരക

MALANKARA SABHA THARAKA

July 2021 Volume 129 Issue 7 വില: 8.50



**പട്ടത്വ ശുശ്രൂഷയിൽ 50–ാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക്**

**മലങ്കര സഭാതാരകയുടെ ആശംസകൾ...**






ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ അനുശോചന സമ്മേളനം ഡോ.അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ മിസോറാം ഗവർണർ ശ്രീ. ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യുന്നു.



മാർത്തോമ്മാ സഭ ലഹരിവിമോചന സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലക്ഷ്യ ലഹരിവിരുദ്ധ പരിപാടികളുടെ ഭാഗമായുള്ള ആസക്തികൾക്കെതിരെയുള്ള We Too ക്യാമ്പെയിന്റെ ഉദ്ഘാനം അഭി.ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ നിർവഹിച്ചു. സമിതി പ്രസിഡന്റ് അഭി.തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു.



ചെറുകോൽപ്പുഴ ജെ.എം.എം.എ. ഹോളിസ്റ്റിക് സെന്റർ ധ്യാന കേന്ദ്രത്തിന്റെ പ്രതിഷ്ഠാശുശ്രൂഷ അഭി.ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ നിർവഹിച്ചു. അഭി.തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പാ സമീപം

# മലങ്കര സഭാതാരക

പുസ്തകം 129 ലക്കം 07 ജൂലൈ 2021







## ഉള്ളടക്കം


04 മെത്രാപ്പോലീത്തായുടെ കത്ത്

08 വിചാരദീപ്തി

09 പത്രാധിപക്കുറിപ്പ്

10 പരിസ്ഥിതി: ദൈവമഹത്വത്തിന്റെ ഗാനമാല്യം
റവ. റെജിൻ രാജു

11 പരിസ്ഥിതി എന്ന രാഷ്ട്രീയം: സ്ത്രീപക്ഷ കാഴ്ചപ്പാട്
അരുണ ജ്ഞാനദാസൻ

13 മാർത്തോമ്മ സഭയും മതേതര വീക്ഷണവും
ഡോ. ജോർജ് കെ. അലക്സ്

17 നന്മമരമായിരുന്ന വലിയ ഇടയൻ
ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ

18 പ്രകൃതിയും സമൂഹവും: വിലക്കുകളും ആവരണ വുമില്ലാത്ത കാമ്പസുകൾ
ഡോ.റോയ്സ് മല്ലശേരി

20 വിദ്യാഭ്യാസം മിനിസ്ക്രീനിലേക്ക് മാറ്റപ്പെടുമ്പോൾ
റവ.ഡോ.അലക്സാണ്ടർ എ. തോമസ്

23 അജപാലനം: ക്രിസ്താനുഗമനം
റവ. വിനോയ് ദാനിയേൽ

25 ദൈവജനവും സാക്ഷ്യവും
റവ. എം. പി. ശാമുവേൽ

28 മാർ ക്രിസോസ്റ്റം വലിയ തിരുമേനി ഒരു ഓർമ്മ
അന്നമ്മ വർഗീസ്

30 കാസർകോട് മാർത്തോമ്മാ ബധിര വിദ്യാലയം– നാല്പതിന്റെ നിറവിൽ
റവ. മാത്യു ബേബി



## പത്രാധിപസമിതി

**ചെയർമാൻ**
**റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ**

**ചീഫ് എഡിറ്റർ**
റവ. ഡോ. വൈ. റ്റി. വിനയരാജ്

**മാനേജർ**
റവ. ജേക്കബ് ജോർജ് സി.

**പത്രാധിപസമിതി**
റവ. അലക്സാണ്ടർ തരകൻ റ്റി.കെ.
ശ്രീ. ജോർജ് തോമസ് മെൽബൺ
പ്രൊഫ. കോശി മത്തായി
ശ്രീ. ജേക്കബ് ഇമ്മാനുവേൽ

**മാനേജിംഗ് കമ്മിറ്റി**
റവ. തോമസ് മാത്യു (വിലങ്ങറ)
ശ്രീമതി അനി കോശി
ശ്രീ. എൻ. സണ്ണി
ശ്രീ. സന്തോഷ് ഏബ്രഹാം
ശ്രീ. എ. എം. മാണി

**വരിസംഖ്യ ഇന്ത്യയിൽ**
(തപാൽ ചെലവ് ഉൾപ്പെടെ) വാർഷികം ₹ **200.00**
ആയുഷ്ക്കാലം ₹ **3500.00** (25 വർഷം)
സ്ഥിരകാലം (സ്ഥാപനങ്ങൾക്ക്) ₹ **5000.00** (40 വർഷം)
**വിദേശങ്ങളിൽ:** Air Mail Charge ₹ **1500/-**
ഒരുവർഷത്തേയ്ക്ക് (വരിസംഖ്യ കൂടാതെ)

സഭാതാരകയ്ക്കുള്ള വരിസംഖ്യ, മാസിക സംബന്ധമായ കത്തുകൾ, ഇവ അയയ്ക്കുമ്പോൾ സബ്സ്ക്രൈബർ നമ്പർ കാണിച്ചിരിക്കണം. പണവും, കത്തുകളും, **റവ. ജേക്കബ് ജോർജ് സി., മാനേജർ, സഭാതാരക, തിരുവല്ല,** കേരളം, പിൻ: 689 101. ഫോൺ: 0469 - 2630968 (O) എന്ന വിലാസത്തിൽ അയയ്ക്കുക.

പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം:
**റവ. ഡോ. വൈ.റ്റി.വിനയരാജ്, ചീഫ് എഡിറ്റർ, സഭാതാരക, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല 689 101,**
**Ph: 0469 - 2630968 (OFFICE)**
tharakachiefeditor@gmail.com • sabhatharaka@yahoo.com

മുഖചിത്രം: **പരിസ്ഥിതി എന്ന രാഷ്ട്രീയ ബോധം**
പ്രിന്റിംഗ്: മാർത്തോമ്മാ പ്രസ്സ്
Cover Design & Layout: Crayons Media, +91 9495901381

Mar Thoma Syrian Church: www.marthomasyrianchurch.org



ജൂലൈ 2021

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരേ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

കോവിഡ് രണ്ടാം തരംഗത്തിന്റെ തീവ്രവ്യാപനമാണല്ലോ കഴിഞ്ഞ രണ്ടു മാസങ്ങളായി നാം അനുഭവിക്കുന്നത്. അതിവേഗത്തിൽ വ്യാപിക്കുന്ന ഘടനാവ്യതിയാനം സംഭവിച്ച വൈറസും വാക്സിന്റ ലഭ്യതക്കുറവും ജനജീവിതം ഏറെ ദുഷ്കരമാക്കി. കേരളത്തിൽ ഒന്നര മാസത്തോളം നീണ്ടുനിന്ന ലോക്ക്ഡൗണിന്റെ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതങ്ങൾ ഏറെ ഗൂരുതരമാണ്. ലോക്ക്ഡൗൺ അനിവാര്യമാണെന്നതിൽ നമുക്ക് സംശയമില്ല. എന്നാൽ പല ആഴ്ചകളോളം നീണ്ടുനിന്ന പൊതു അടച്ചുപൂട്ടൽ മൂലം ഒരു വലിയ സമൂഹം ജനങ്ങളുടെ ഉപജീവന മാർഗ്ഗമാണ് അടഞ്ഞത്. ഇവരോട് സഭയ്ക്കൊരു കടപ്പാടുണ്ട്.

ഈ സാഹചര്യം മനസ്സിലാക്കി പ്രാദേശിക ഇടവകകളും ഭദ്രാസനങ്ങളും ഉണർന്ന് പ്രവർത്തിക്കുന്നു എന്നത് ശ്ലാഘനീയമാണ്. ആഹാര സാധനങ്ങളോടൊപ്പം ഓക്സീമീറ്റർ, തെർമ്മോമീറ്റർ, വേപ്പൊറൈസർ ആദിയായവയും ഡോക്ടറുമാരുടെ ഉപദേശ പ്രകാരം മരുന്നും ഭവനങ്ങളിലെത്തിച്ചുകൊടുക്കുവാൻ ശ്രമിക്കുന്നു. കോവിഡ് ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവരുന്ന ആളുകൾക്ക് ആംബുലൻസ് സൗകര്യവും പി. പി. ഇ കിറ്റ് ധരിച്ച് പരിചരണങ്ങളും സന്നദ്ധസംഘങ്ങൾ രൂപീകരിച്ച് നല്കുന്നുണ്ട്. കോവിഡ് ബാധിച്ച് മരണമടയുന്നവരെ ദഹിപ്പിക്കുന്നതിനോ അടക്കുന്നതിനോ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുന്നതിൽ യുവജനസഖ്യം കർമ്മനിരതരാണ്. കേന്ദ്രയുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ മൊബൈൽ ക്രിമറ്റോറിയം ക്രമീകരിച്ചിട്ടുണ്ടെന്നുള്ളത് സൗകര്യപ്രദവും ചൂഷണവിധേയമാകുവാൻ ഇടയാകുന്ന സാഹചര്യങ്ങളെ അതിജീവിക്കുന്നതിന് സഹായകരവുമായിത്തീർന്നു. കോവിഡ് ബാധിതമായ ഭവനങ്ങളും സ്ഥാപനങ്ങളും ഫ്യൂമിഗേറ്റ് ചെയ്യുന്നതിനുള്ള ക്രമീകരണം ചെങ്ങന്നൂർ ഭദ്രാസനവും മറ്റും നിർവ്വഹിക്കുന്നുവെന്നത് തികച്ചും അഭിനന്ദനാർഹമാണ്. ലോക്ക് ഡൗൺ പിൻവലിച്ച് ദൈവാലയങ്ങൾ തുറക്കുന്നതിന് നിയന്ത്രണങ്ങളോടെ അനുവദിച്ചിട്ടുണ്ടെങ്കിലും ആരാധനകളും മറ്റ് കൂട്ടായ്മകളും വെർച്ചൽ മാധ്യമങ്ങളിലൂടെ നടത്തുവാൻ ഇടവകകളായി തുടർന്നും ക്രമീകരണം ചെയ്യണം. ഓൺലൈൻ സംപ്രേക്ഷണത്തിൽ ഡി.എസ്സ്.എം.സി. യുടെ നേതൃത്വം ശ്ലാഘനീയമാണ്. ലോക്ക്ഡൗൺ മുഖാന്തിരമായി പ്രാദേശിക ഇടവകകൾ ഈ സാമ്പത്തിക വർഷം പല ആഴ്ചകളും അടഞ്ഞ് കിടക്കുകയായിരുന്നു. ഇടവകകൾക്ക് സാമ്പത്തിക പരിരക്ഷ നല്കുന്നതിൽ ഇടവകാംഗങ്ങൾ ശ്രദ്ധിക്കണം. ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ആരാധനകളിൽ സംബന്ധിക്കുമ്പോഴും സ്തോത്രകാഴ്ചകളും പ്രത്യേക സംഭാവനകളും ഇടവക ട്രസ്റ്റിൽ അടയ്ക്കുന്നതിന് ശ്രദ്ധിക്കണം. നമ്മുടെ പൊതു സ്ഥാപനകൾക്കുള്ള വരുമാനം കുറയുമ്പോൾ അവയുടെ പ്രവർത്തനങ്ങൾ സജീവമായും ഫലപ്രദമായും മുന്നോട്ട് കൊണ്ടുപോകുവാൻ പ്രയാസം നേരിടും. ഇത് സംഭവിക്കാതിരിക്കുവാൻ ഏവരുടെയും സഹകരണം അത്യന്താപേക്ഷിതമാണ്.

രണ്ടാം തരംഗത്തിന്റെ ലോക്ക്ഡൗൺമൂലം വിവിധ രാജ്യങ്ങളിലേക്ക് പട്ടക്കാർക്ക് വിസ ലഭിക്കുന്നതിന് തടസ്സം നേരിട്ടു. യാത്രാസൗകര്യങ്ങൾ ക്രമപ്പെടുകയും, വിസ ലഭിച്ച് പട്ടക്കാർ നിയോഗിക്കപ്പെട്ടിരിക്കുന്ന ഇടവകകളിൽ ചെന്ന് ചേരുവാൻ എത്രയും വേഗം സാധ്യമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അവർ എത്തിച്ചേരുന്നതുവരെ ഇടവകകൾ സാഹചര്യം മനസ്സിലാക്കുകയും താല്ക്കാലിക ക്രമീകരണങ്ങൾ ഭദ്രാസന എപ്പിസ്ക്കോപ്പാമാരുടെ സഹായത്തോടെ ചെയ്യുകയും വേണം.

സഭയുടെ പ്രദേശിക സാക്ഷ്യങ്ങളുടെ നേതൃത്വം ഏറ്റെടുക്കേണ്ട വൈദീക സമൂഹം ഏറെ വിമർശനങ്ങൾ നേരിടുന്ന ഒരു കാലഘട്ടമാണിത്. നമ്മുടെ സഭ

യിൽ അടുത്തകാലത്ത് പട്ടക്കാരുടെമേൽ ചില ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ ആകെയുള്ള ഏകദേശം 1220 പട്ടക്കാരുടെ ഇടയിൽ ഏതാനും പട്ടക്കാരുടെ വീഴ്ചകൾ എല്ലാവരുടേതുമായി കരുതുന്നത് ശരിയല്ല. കഴിഞ്ഞ 6 മാസത്തിനുള്ളിൽ മൂന്ന് പട്ടക്കാരെയാണ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യേണ്ടി വന്നതും, തുടർന്ന് ഔദ്യോഗിക ചുമതലകളിൽ നിന്നും മാറ്റി നിർത്തുവാൻ ഇടയായതും. സാമ്പത്തിക ക്രമക്കേടുകൾ, പെരുമാറ്റ ദൂഷ്യങ്ങൾ, അരുതാത്ത വാക്കുകളുടെ പ്രയോഗം ആദിയായവയാണ് പരിഗണിക്കേണ്ടിവന്ന വിഷയങ്ങൾ. ക്രിസ്തീയ സാക്ഷ്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു എന്ന് ബോധ്യമാകുന്ന വൈദീക സ്ഥാനികളെ മാതൃകാപരമായി ശിക്ഷണ നടപടികൾക്ക് വിധേയമാക്കുവാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും ഒരിക്കലും മാറിനിൽക്കില്ല. ശരിയായ അന്വേഷണം കൂടാതെ ശിക്ഷിക്കുന്നത് സാമാന്യ നീതിക്ക് നിരക്കുന്നതുമല്ല. ഇതിന് കാലതാമസമുണ്ടാകുമ്പോൾ സോഷ്യൽ മീഡിയായിലൂടെ ഊഹാപോഹങ്ങളും അപൂർണ്ണമായ വാർത്തകളും ലോകമൊക്കെയും പ്രചരിപ്പിക്കുന്നതും വായിക്കുന്നതും മറ്റുള്ളവർക്ക് അയച്ച് കൊടുക്കുന്നതും ശരിയായ നീക്കമല്ല. ശിക്ഷണ നടപടികൾ കഴിവതും ഒരു വീണ്ടെടുപ്പിനുള്ള മുഖാന്തിരവുമാകണം. അതിനുള്ള അവസരങ്ങൾ നല്കുവാനുള്ള ഭരണഘടനാ ബാധ്യതകളോടൊപ്പം ധാർമ്മിക ബാധ്യതയും നമുക്കുണ്ടല്ലോ. വിമർശിക്കുവാനും തിരുത്തുവാനും തക്കതായ ജനാധിപത്യ സംവിധാനങ്ങൾ ഉള്ള നമ്മുടെ സഭയിൽ അത്തരം ക്രമീകരണങ്ങളെ ഉപയോഗിക്കണം. അല്ലാതെ മറ്റു മാർഗ്ഗങ്ങൾ അവലംബിക്കുന്നത് ശരിയല്ല. നിയോഗിതരുടെ ജീവിതം മാതൃകാപരവും ശിക്ഷണമുള്ളതും സാക്ഷ്യമുള്ളതും ആയിരിക്കണം. സാമ്പത്തിക കാര്യങ്ങളിലുള്ള മിതത്വവും കാര്യവിചാരകത്വവും നിർവ്വഹിക്കുവാൻ ആത്മായ, പട്ടത്വ, മേല്പട്ടത്വ സ്ഥാനീയർക്കെല്ലാം ഇടയാകണം. നിയോഗങ്ങളെ മറന്നു പോകുന്നതോ ലാഘവത്തോടെ കാണുന്നതോ നല്ലതല്ല എന്നതും നാം ഓർക്കണം. എല്ലാ സഭാ വിഭാഗങ്ങളിലും ന്യൂനതകളുണ്ടാകുന്നുണ്ട്. എന്നാൽ അതല്ല ഉയർത്തിക്കാട്ടേണ്ടത്. നല്ലതു ചിന്തിക്കുകയും നല്ലതു പ്രവർത്തിക്കുകയും വേണം. നന്മ ചെയ്യുവാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കണം.

ഇതിനോടകമായി സഭയിലെ എല്ലാ ഭദ്രാസനങ്ങളിലും ഭദ്രാസന അസംബ്ലിയോഗങ്ങൾ നേരിട്ടുസന്നിഹിതരാകത്തക്കവിധവും അത് സാധ്യമാകാത്ത ഇടങ്ങളിൽ ഓൺലൈൻ മാധ്യമങ്ങളിലൂടെയും നടത്തുവാൻ ഇടയായിട്ടുണ്ട്. എല്ലാ സംഘടനകളും സ്ഥാപനകളും വാർഷിക മീറ്റിംഗുകൾ ഇതുപോലെ ക്രമീകരിച്ച് നടത്തണം. 2019-20, 2020-21 എന്നീ രണ്ട് വർഷങ്ങളിലെ റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് എന്നിവ തയ്യാറാക്കുകയും വാർഷിക മീറ്റിംഗിന്റെ പരിഗണനയ്ക്ക് കൊണ്ടുവരികയും ചെയ്യണം. സഭാ മണ്ഡലം, സഭാ കൗൺസിലിന്റെ ആലോചനയോടുകൂടി വിളിച്ച് കൂട്ടുവാൻ ആഗ്രഹിക്കുന്നു. ഇതിൽ എല്ലാവരും സഹകരിക്കണം. റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് ആദിയായവ പരിഗണിക്കപ്പെടുന്നതോടൊപ്പം ഔദ്യോഗിക ഭാരവാഹികളുടെയും പുതിയ സഭാ കൗൺസിലിന്റെയും വൈദീക തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെയും തിരഞ്ഞെടുപ്പുകൾ കൂടി നടത്തപ്പെടേണ്ടതായിട്ടുണ്ട്. ഇവ ഭംഗിയായി ക്രമീകരിക്കപ്പെടുന്നതിന് ഏവരും പ്രാർത്ഥിക്കണം. സഭാ നാഥനായ കർത്താവ് നമ്മെ നയിക്കട്ടെ.

ഇന്ത്യയിൽ പുതിയ ഇൻഫർമേഷൻ ടെക്നോളജി (ഐ.റ്റി) നിയമങ്ങൾ പ്രാബല്യത്തിൽ വന്നു. കേന്ദ്ര സർക്കാർ രൂപപ്പെടുത്തിയ പ്രസ്തുത നിയമങ്ങൾ അനേക വിമർശനങ്ങൾക്ക് ഇതിനോടകം തന്നെ വിധേയമായി. യു.എൻ. മനുഷ്യാവകാശ കൗൺസിലും, അനേക മനുഷ്യാവകാശ പ്രവർത്തകരും പ്രസ്തുത നിയമങ്ങൾക്കെതിരെ രംഗത്ത് വന്നു. വിമർശനങ്ങൾ പ്രധാനമായും ഗവൺമെന്റിന്റെ നയങ്ങളെ വിമർശിക്കുവാനും തിരുത്തുവാനുമുള്ള ജനങ്ങളുടെ അവകാശം സംബന്ധിച്ചുള്ളതാണ് എന്നത് ഏറെ ശ്രദ്ധേയമാണ്. ഭരണകൂടത്തിന്റെ താത്പര്യ സംരക്ഷകരായി മാത്രം മാധ്യമങ്ങൾ മാറുന്നത് ഒട്ടും അഭിലഷണീയമല്ല. നിയോ ക്യാപിറ്റലിസ്റ്റ് വ്യവസ്ഥിതിയുടെ മൂല്യങ്ങൾ പേറുന്ന സാമൂഹ്യ മാധ്യമങ്ങളുടെ ഇടപെടലുകളും അവയുടെ പെരുമാറ്റ രീതികളും ഏറെ വിമർശനവിധേയമാക്കേണ്ടതുണ്ട്. യൂട്യൂബിലൂടെ അശ്ലീല സംഭാഷണങ്ങൾ നടത്തി കോടീശ്വരരായ ദമ്പതികളെ തമിഴ്നാട് പോലീസ് അറസ്റ്റ് ചെയ്ത വാർത്ത ഈ അടുത്ത കാലത്ത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. യൂട്യൂബ് ചാനലുകൾ രജിസ്റ്റർ ചെയ്ത് വിവാദ വാർത്തകളും ലൈംഗിക ചുവയുള്ള കാര്യങ്ങളും പ്രചരിപ്പിച്ച് ആളുകളെ അതിന്റെ വരിക്കാരാക്കി പണം സമ്പാദിക്കുന്ന പ്രവണത ഏറിവരുന്നു. ഇത്തരം ഉദ്യമങ്ങൾ സാമൂഹ്യജീർണ്ണതയുടെ പ്രതീകങ്ങളാണ്. വാർത്തകളുടെ ഉപഭോക്താക്കളാകുന്നതിലൂടെ ജീർണ്ണതയുടെ സംസ്കാരത്തെ നാം അറിയാതെ പ്രോത്സാഹിപ്പിക്കുന്നു എന്നോർക്കുക.

സ്ക്കൂളുകളിലും കോളേജുകളിലും ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഒരു പുതിയ അദ്ധ്യയന വർഷം ആരംഭിച്ചു. വിശാലമായ ലോകത്തിലെ അനന്തസാധ്യതകളാണ് ഓൺലൈൻ വിദ്യാഭ്യാസം തുറക്കു

ന്നത്. എന്നാൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ പരിമിതമായ നിർദ്ധനരായ കുട്ടികളും നമുക്ക് ചുറ്റു മുണ്ട് എന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. അവർ പുതിയ വിദ്യാഭ്യാസ പ്രക്രിയയിൽ ചിലപ്പോഴെ ങ്കിലും പുറംതള്ളപ്പെട്ടുപോകുന്നു എന്ന വാർത്ത വേദ നാജനകമാണ്. അവരേയും കരുതുവാനും കൂടെ ചേർത്ത് നിർത്തുവാനും സഭയും പ്രാദേശിക ഇടവകകളും ബാദ്ധ്യസ്ഥരാണ്. എല്ലാ കുട്ടികൾക്കും വേണ്ട വിദ്യാഭ്യാസം ലഭിക്കുവാൻ ആവശ്യമായ വിഭവങ്ങൾ നമുക്കുണ്ട്. അതിന്റെ നീതിയുക്തമായ വിതരണം നടക്കുന്നതാണ് ദൈവഹിതം എന്ന തിരി ച്ചറിവ് നമുക്കാവശ്യമാണ്. ഓട്ടിസം, സെറിബ്രൽ പാൾസി, മൾട്ടിപ്പിൾ ഡിസോർഡറുകൾ, കേൾവി ക്കുറവ് തുടങ്ങി ഭിന്നശേഷിയുള്ള കുട്ടികളും ഓൺലൈൻ വിദ്യാഭ്യാസത്തിൽ പുറംതള്ളി പോകാ തിരിക്കുവാനുള്ള മുൻകരുതൽ ആവശ്യമാണ്. വെർച്ചൽ മീഡിയായിൽ സണ്ടേസ്ക്കൂൾ ക്ലാസ്സു കൾ നടത്തുവാൻ സമാജമായി നടത്തുന്ന എല്ലാ ക്രമീ കരണങ്ങളും ശ്ലാഘനീയമാണ്. കേരള സംസ്ഥാന സർക്കാർ അവതരിപ്പിച്ച 2021-2022 ലെ ബഡ്ജറ്റിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ മാർ ക്രിസോ സ്റ്റം ചെയർ സ്ഥാപിക്കുവാനായി അമ്പത് ലക്ഷം രൂപ മാറ്റിവച്ചു എന്നത് നമ്മുടെ സഭയ്ക്ക് ഏറ്റം അഭി മാനകരമാണ്. മതങ്ങൾ തമ്മിലുള്ള സംവാദത്തിന് ഏറെ താത്പര്യം കാട്ടിയിരുന്ന വലിയ തിരുമേനി യുടെ പേരിലുള്ള ചെയർ വ്യത്യസ്ത മതദർശന ങ്ങളിലെ മാനവികതയുടെ മൂല്യങ്ങൾ പ്രചരിപ്പിക്കു ന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ഈ ചെയറിൽ കൂടെ നടക്കുന്ന പഠനങ്ങളും വിചിന്തനവും സമൂഹത്തിനാ കമാനം പ്രയോജനകരമായിത്തീരട്ടെ എന്ന് നമുക്ക് ആശിക്കാം, പ്രാർത്ഥിക്കാം. കേരള സർക്കാരിനോട് നമ്മുടെ സഭയുടെ നാമത്തിൽ നന്ദി രേഖപ്പെടു ത്തുന്നു.

മദ്യാസക്തിപോലെ തന്നെ വർദ്ധിച്ച് വരുന്ന ഒരു സാമൂഹ്യ തിന്മയാണ് ഗാർഹിക പീഡനം. കോവിഡ് കാലഘട്ടത്തിലും കേരളത്തിൽ സ്ത്രീധനത്തിന്റെ പേരിൽ പീഢിപ്പിക്കപ്പെട്ടു എന്നാരോപിക്കപ്പെ ടുന്ന എത്രയോ സംഭവങ്ങൾ നടന്നു. 60 വർഷങ്ങൾ ക്കപ്പുറം നിയമം മൂലം നിരോധിക്കപ്പെട്ട സ്ത്രീധന ത്തിന്റെ പേരിൽ ഇന്നും സ്ത്രീകൾ പീഢിപ്പിക്കപ്പെ ടുന്നു എന്നത് ഖേദകരമാണ്. സ്ത്രീധനമല്ല, സ്ത്രീ ഓഹരി നല്കുകയാണ് ആവശ്യം. ഒരാളുടെ ജീവന്റെ മേൽ മറ്റൊരാൾക്ക് അവകാശമില്ല. സ്ത്രീധനം മോഹിച്ച് വിവാഹം കഴിക്കുന്ന പുരുഷന്മാർ വിവാഹം എന്ന കൂദാശയെ സാമ്പത്തിക താല്പര്യങ്ങളുമായി കൂട്ടിക്കെട്ടി സ്ത്രീയുടെ ആളത്വത്തെ ലഘൂകരിച്ച് കാണുകയാണ്. സ്ത്രീധനം ചോദിച്ച് വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നവർ ഒരുപോലെ ഇത്തരം ഹീനകൃത്യത്തെ പ്രോത്സാഹിപ്പിക്കുന്നു. പുരുഷാ ധിപത്യത്തിന്റെ മൂല്യങ്ങളെ വെല്ലുവിളിക്കുന്ന വേദ പുസ്തക ദർശനങ്ങളെ പങ്കിടുവാനും പ്രചരിപ്പി ക്കാനുമുള്ള ബാധ്യത സഭകൾ ഏറ്റെടുത്തേ മതി യാകൂ. പ്രാദേശിക ഇടവകകൾ ഇത്തരം ദർശന ങ്ങൾക്ക് പ്രചാരം നല്കുകയും വേണം. സഭയിൽ ലഭ്യ മായ കൗൺസിലിംഗ് സൗകര്യങ്ങൾ പ്രയോജനപ്പെ ടുത്തി ഗാർഹിക പ്രശ്നങ്ങൾക്ക് പരിഹാരം ഒരു പരി ധിവരെ കണ്ടെത്താവുന്നാണ്.

മലങ്കര സഭാതാരകയുടെ ചീഫ് എഡിറ്ററായ ഡോ. വൈ.റ്റി.വിനയരാജ് അച്ചൻ CISRS (Christian Institute for the Study of Religion and Society, Bangalore) ന്റെ ഡയറക്ടറായി നിയമിതനായതിൽ അച്ചനെ അഭിനന്ദിക്കുന്നു. അച്ച നിലൂടെ വൈദീക സെമിനാരിയുടെയും സഭാ താര കയുടെയും ശുശ്രൂഷകളിൽ ലഭിച്ചിട്ടുള്ള നേതൃത്വ ത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും അച്ചനോ ടുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു.ബ്രിട്ടണിലെ യുവസാമൂഹിക പ്രവർത്തകയായ അമിക ജോർജ്ജ് ബ്രിട്ടീഷ് രാജ്ഞിയുടെ ജന്മദിനത്തോടനുബന്ധിച്ച് നല്കുന്ന മെംബർ ഓഫ് ദി ഓർഡർ ഓഫ് ദി ബ്രിട്ടീഷ് എംപയർ (എം. ബി. ഇ) പുരസ്ക്കാരം നേടി. അമിക യു. കെ. സെന്റ് ജോൺസ് മാർത്തോമ്മാ ഇടവകാം ഗമാണ്. അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ജൂലൈ 4 -ാം തീയതി ഞായറാഴ്ച ദശാംശ സമർപ്പണ ഞായർ ആയി ആചരിക്കുകയും 'ക്രിസ്തീയ കാര്യവി ചാരകത്വം' (ലൂക്കോസ് 19. 11-26) എന്ന വിഷയം സഭ യായി ധ്യാനിക്കുകയും ചെയ്യുന്നു. ദൂരെ ദേശത്തേക്ക് യാത്ര പുറപ്പെടുന്ന മനുഷ്യൻ ഭരമേല്പിക്കുന്ന താലന്തുകൾ ഭൃത്യന്മാർ വ്യത്യസ്തരീതിയിലാണ് കൈകാര്യം ചെയ്യുന്നത്. രണ്ടുപേർ കഠിനാദ്ധ്വാന ത്തിലൂടെ അവ ഇരട്ടിയാക്കുമ്പോൾ ഒരു വ്യക്തി അത് ഉപയോഗിക്കാതെ സൂക്ഷിക്കുകയും തിരികെ നൽകു കയും ചെയ്യുന്നു. അസ്ഥിരതയും പ്രതിസന്ധിയും നിലനിന്ന കാലത്ത് തങ്ങളുടെ വിഭവങ്ങൾ വിനിമയം ചെയ്യുന്നതിലൂടെ അവ വർദ്ധിപ്പിക്കുന്നു. നമ്മുടെ വിഭവങ്ങളും സർഗ്ഗശേഷിയും വിനിമയം ചെയ്യുന്ന തിലൂടെയാണ് നാം ദൈവത്തിന്റെ കാര്യവിചാരകരാ കുന്നത്. സമ്പത്ത് കൂട്ടിവെയ്ക്കപ്പെടേണ്ടതല്ല, കുഴിച്ച് മൂടപ്പെടേണ്ടതുമല്ല. എന്നാൽ സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടി വിനിമയം ചെയ്യപ്പെടേണ്ടതും വിനി യോഗിക്കപ്പെടേണ്ടതുമാണ്. ദശാംശം നല്കുമ്പോൾ ദൈവത്തിന്റെ ദാനം ദൈവരാജ്യത്തിന്റെ ശുശ്രൂഷയ് ക്കായി നാം സമർപ്പിക്കുകയാണ് സ്വമേധാദാന ത്തിന്റെ നവമാതൃക നൽകിയ നവീകരണസഭയ് ക്കിന്ന് കാര്യവിചാരകത്വത്തിന്റെ പാതയിൽ മുന്നേറു വാൻ കഴിയണം.

ജൂലൈ 11–ാം തീയതി ഞായറാഴ്ച വൈദീക സമൂഹത്തെ ഓർത്ത് പ്രാർത്ഥിക്കുന്നതിന് വൈദീക ഞായർ ആയി വേർതിരിച്ചിരിക്കുന്നു. അന്നേദിവസം 'വൈദീകർ–ക്രിസ്താനുകരണത്തിനായി വിളിക്കപ്പെട്ടവർ' (യോഹ. 21. 15–19) എന്ന വിഷയമാണ് ധ്യാനിക്കുന്നത്. നിരാശരായി മടങ്ങിപ്പോയ ശിഷ്യരെ കാത്തുനിന്ന് അവർക്ക് പ്രാതൽ ഒരുക്കുന്ന ഉത്ഥിതനായ കർത്താവ്, അതിനെതുടർന്ന് പത്രോസുമായി വ്യക്തിപരമായി സംഭാഷണം നടത്തുന്നു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്ന ചോദ്യം പത്രോസിനെ ആഴമായി സ്പർശിച്ചു. യേശുവിനെ അനുഗമിക്കുവാനുള്ള കൽപനയും ആടുകളെ പാലിക്കുവാനുള്ള നിയോഗവും പത്രോസിന് യേശു നല്കുന്നു. വൈദീക ശുശ്രൂഷ സഭയുടെ നാഥനായ കർത്താവിനോടുള്ള ആഴമായ സ്നേഹത്തിലും സമ്പൂർണ്ണ സമർപ്പണത്തിലും അടിസ്ഥാനപ്പെട്ടതാണ്. യേശുവിനെ അനുഗമിക്കുക എന്നതാണ് ഒരു വൈദീകന്റെ ആത്യന്തികമായ ലക്ഷ്യം. പ്രത്യയശാസ്ത്ര ആഭിമുഖ്യങ്ങളോ, ആദർശങ്ങളോ ഒന്നും യേശുവിനോടുള്ള സമ്പൂർണ്ണ സമർപ്പണത്തിനു പകരം വെയ്ക്കാവുന്നതല്ല. ഈ കാലത്തിലെ സ്വാധീനങ്ങളെ അതിജീവിക്കുവാനും ഫലകരമായ ശുശ്രൂഷ നിർവ്വഹിക്കുവാനും സാധിക്കണമെങ്കിൽ പട്ടത്വ സമൂഹം അധികമായി ക്രിസ്തുവിന്റെ അനുകാരികളാകുന്നതിലൂടെ മാത്രമെ ഇടയാകുകയുള്ളു.

ജൂലൈ 18 –ാം തീയതിയിലെ ധ്യാന വിഷയം 'സാക്ഷ്യത്തിനായി ഒരുക്കപ്പെടേണ്ട ദൈവജനം' (മത്തായി 5. 13–16) എന്നതാണ്. യേശുവിന്റെ ഗിരിപ്രഭാഷണത്തിൽ ശിഷ്യർക്കും പുരുഷാരത്തിനും നൽകുന്നത് ഭൂമിയുടെ ഉപ്പ്, ലോകത്തിന് വെളിച്ചം എന്നീ ശ്രദ്ധേയമായ വിശേഷണങ്ങളാണ്. ദൈവജനം ആരായിരിക്കണം, എന്തായിരിക്കണം എന്നത് ഏറ്റവും ഭാവനാപൂർണ്ണമായി വിവരിക്കുന്നതാണ് ഈ രണ്ട് രൂപകങ്ങൾ. സാന്നിദ്ധ്യം കൊണ്ട് സാഹചര്യങ്ങളെ സമൂലം പരിവർത്തിപ്പിക്കുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും പുതുതാക്കുന്നതിനും ശേഷിയുള്ളതാണ് ഉപ്പും വെളിച്ചവും. അവ സ്ഥായിയായി പരിവർത്തിപ്പിക്കുന്നതും ജീർണ്ണതകളെയും അന്ധകാരാനുഭവങ്ങളെയും തടഞ്ഞുനിർത്തുന്നവയുമാണ്. ലോകത്തെ ദൈവരാജ്യാനുഭവത്തിലേക്ക് പരിവർത്തിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടവരാണ് ദൈവജനം. നിലവിളികളിൽ നിന്നും അകന്ന് നിന്നുള്ള ആത്മീയതയ്ക്കല്ല, ലോകത്തിന്റ അനുഭവങ്ങളെ ദൈവോന്മുഖമായി രൂപാന്തരപ്പെടുത്തുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവജനത്തിന്റെ ധാർമ്മികതയും നിർമ്മലജീവിതവും അചഞ്ചലമായ ദൈവവിശ്വാസവും ലോകത്തിൽ ഒരു ദൈവിക സാന്നിദ്ധ്യമായി നിലകൊള്ളുവാൻ നമ്മെ പ്രാപ്തരാക്കും. ദൈവജനത്തിന്റെ സാക്ഷ്യജീവിത്തിലാണ് ലോകത്തിന്റെ പ്രതീക്ഷ നിലനിൽക്കുന്നത്.

ജൂലൈ 25 –ാം തീയതി ഞായറാഴ്ച മാർ യാക്കോബ് ശ്ലീഹാദിനമായി ആചരിക്കുകയും 'പൊതുപ്രയോജനത്തിനായി നൽകപ്പെട്ട പരിശുദ്ധാത്മ നൽവരങ്ങൾ' (യോഹന്നാൻ 20 . 19–23) എന്ന വിഷയം സഭ ധ്യാനിക്കുകയും ചെയ്യുന്നു. ഭയചകിതരായി കഴിഞ്ഞിരുന്ന ശിഷ്യരുടെ മദ്ധ്യത്തിൽ ഉയിർത്തെഴുന്നേറ്റ കർത്താവ് ആഗതനാകുന്നതാണ് വേദഭാഗം. ശിഷ്യസമൂഹത്തിന് പരിശുദ്ധാത്മദാനം നൽകി അവരെ ദൈവീക നിയോഗത്തിനായി കർത്താവ് ലോകത്തിലേക്ക് അയയ്ക്കുന്നു. ശിഷ്യസമൂഹത്തിന് പരിശുദ്ധാത്മ ദാനം നൽകപ്പെടുന്നത് ലോകത്തിലുള്ള ശുശ്രൂഷയ്ക്ക് വേണ്ടി അവരെ സജ്ജരാക്കുവാനാണ്. ലോകത്തിന്റെ സൗഖ്യത്തിനും വിമോചനത്തിനും വേണ്ടി പ്രവർത്തിക്കുവാൻ പരിശുദ്ധാത്മാവ് അധികാരവും നിയോഗവും ശിഷ്യസമൂഹത്തിന് നല്കുന്നു. യേശുവിന്റെ ശിഷ്യന്മാർ എന്നതിൽ നിന്നും സഭ എന്ന അനുഭവത്തിലേക്കുള്ള വളർച്ച സാദ്ധ്യമാകുന്നത് പരിശുദ്ധാത്മാവിന്റെ ആവാസത്തിലൂടെയാണ്. ലോകത്തിന്റെ വേദനകളിൽ പങ്ക് ചേരുവാനും ധീരതയോടെ ലോകത്തിന്റെ തകർച്ചകളിൽ ഇടപെടുവാനും സൗഖ്യത്തിന്റെയും പ്രതീക്ഷയുടെയും സാന്നിദ്ധ്യമാകുവാനും സഭയ്ക്ക് കഴിയണം. അതിനായി നമ്മെ ദൈവകരങ്ങളിലർപ്പിക്കാം.

പട്ടത്വ ശുശ്രൂഷയിൽ ഒരു വർഷം കൂടി പൂർത്തീകരിക്കുവാൻ ദൈവം കൃപചെയ്തു. നിയോഗ വഴികളിൽ പിന്നിട്ട 49 സംവത്സരങ്ങൾ അളവറ്റ ദൈവകൃപയുടെ അവസരങ്ങളായിരുന്നു. മേല്പ്പട്ടക്കാർ, പട്ടക്കാർ, ആത്മായർ എല്ലാവരിൽ നിന്നും ലഭിച്ച പ്രാർത്ഥനയ്ക്കായി, കരുതലിനായി ദൈവത്തെ സ്തുതിക്കുന്നു. ഏവരുടെയും പ്രാർത്ഥന തുടർന്നും ആവശ്യപ്പെടുന്നു.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.



**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**

പൂലാത്തീൻ
26.06.2021



# പ്രകൃതിയും മനുഷ്യനും

ഭൂമിക്ക് ഒരു കുട എന്നത് പരിസ്ഥിതിസംരക്ഷണത്തിന് നൽകപ്പെട്ട നാമമാണ്. എന്നത്തേക്കാളും അധികമായി ലോകത്തിന് അതിന്റെ സന്തുലിതാവസ്ഥയിൽനിന്ന് വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണിത്. ദൈവം നല്ലതെന്ന് കണ്ട് സൃഷ്ടിച്ച മനോഹരമായ ഈ ഭൂമി മനുഷ്യന്റെ സ്വാർത്ഥതയാൽ സൃഷ്ടിയുടെ നിലനിൽപ്പിനുതന്നെ ഭംഗംവരുന്ന ഒരു അനുഭവത്തിലേക്കും കാലത്തിലേക്കും വഴുതിപ്പോയിരിക്കുന്നു. ഈ മണ്ണിൽ പാർക്കുന്ന ഏതു മനുഷ്യനും ഈ തിരിച്ചറിവിന്റെ പങ്കുകാരാകണം. വിശിഷ്യ, വിശ്വാസികളായ നാം, ഭൂമിക്ക് അടിസ്ഥാനമിടുകയും അവയെ തന്റെ ജ്ഞാനത്താൽ നിറയ്ക്കുകയും ചെയ്ത സർവ്വേശ്വരന്റെ മനസ്സിനൊത്ത് ഈ മണ്ണിനെ പരിചരിക്കാൻ നാം ബാധ്യസ്ഥരാണ്. ഭൂമിയെ കുടചൂടിക്കുന്നതുമാത്രം ആകരുത് നമ്മുടെ പരിപാടി.

ദൈവോദ്ദേശ്യത്തിൽക്കൂടി ഈ കാലഘട്ടത്തിൽ ജനിക്കാൻ ഭാഗ്യം ലഭിച്ച നാം 'തോട്ടം സൂക്ഷിക്കുക, കാര്യവിചാരകനാകുക' എന്ന് പൂർവ്വപിതാവിനോട് ദൈവം കൊടുത്ത കൽപ്പന അനുസരിക്കുവാൻ ബാധ്യസ്ഥരാണെന്ന് ഓർത്തിരിക്കുക. ഒരു മരം മുറിക്കുമ്പോൾ അവിടെ ചേക്കേറുന്ന പക്ഷികളോട് ക്ഷമ ചോദിക്കണം. മരം മുറിക്കുമ്പോൾ പത്തുമരം പകരം വയ്ക്കണം എന്ന ആർഷഭാരതചിന്ത നാം വച്ചുപുലർത്തണം. ഒരു ജീവിയേയും വെറുതെ നശിപ്പിക്കില്ല എന്തെന്നാൽ എല്ലാ ജീവികളും ഒന്ന് ഒന്നിനോട് ബന്ധപ്പെട്ട ദൈവസൃഷ്ടിയും ആകുന്നു എന്ന വിവേകം നാം ആർജ്ജിച്ചെടുക്കണം. ജീവൻ നിലനിൽക്കുന്നത് ജലത്തിലൂടെയാണ്. അതിനാലാണ് നാം അതിഥികൾക്കും അന്യർക്കും പരദേശികൾക്കും ജലം നൽകി ഉപചരിക്കുന്നത്. ദൈവദാനമായ ജലം വിൽക്കുന്നത് അതിൽത്തന്നെ തെറ്റാണ്. സ്വച്ഛവും സമൃദ്ധവുമായ ജലം ഭൂമിയിൽ കാണപ്പെടേണ്ടത് ജീവന്റെ നിലനിൽപ്പിന് ഏറ്റവും ആവശ്യമാണ്.

സുറിയാനിക്കാരന്റെ മര്യാദപോലെ അവർക്ക് കൽപ്പിക്കപ്പെട്ട അഞ്ച് നോമ്പിന്റെ ആചരണം യഥാർത്ഥത്തിൽ പരിസ്ഥിതിയോട് ഏകീഭവിക്കുന്നതിനും ജീവജാലങ്ങളുടെ നിലനിൽപ്പിനെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിനും സഹായകരമാണ്. അധികം ബഹളവും ഒച്ചയും കൂടാതെ ദൈവിക പദ്ധതിയിൽ നമുക്കും പങ്കുചേരാം. ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിലെ നിവാസികളും ദൈവവക എന്ന ചിന്തയിൽ, ആദരവോടും ഭക്തിയോടും സൃഷ്ടിവർഗ്ഗത്തിന്റെ സമഗ്ര വളർച്ചയ്ക്കായി നമുക്കും പങ്കുചേരാം. ഭൂമിയെ കുടചൂടിക്കുന്ന ദൈവത്തിനു സ്തോത്രം.

**ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ**

എഡിറ്റോറിയൽ

**സകലചരാചരങ്ങളും ഈറ്റുനോവോടെ കാത്തിരിക്കുന്ന വീണ്ടെടുപ്പിന്റെ പ്രക്രിയ അതിജീവനത്തിന്റെ രാഷ്ട്രീയപ്രക്രിയയാണെന്നുള്ളത് വിസ്മരിക്കാൻ പാടില്ല.**

പരിസ്ഥിതിബോധം ചുറ്റുപാടുകളെക്കുറിച്ചുള്ള കേവല അറിവുകൾ എന്നതിനപ്പുറം അതിജീവനത്തിന്റെ രാഷ്ട്രീയമായി മാറിയ കാലത്തിലാണ് നാം ജീവിക്കുന്നത്. മഹാമാരിക്കാലം നമ്മെ ഓർമപ്പെടുത്തുന്നത്, പരിസ്ഥിതി പ്രതിസന്ധി എത്രമാത്രം സാമ്പത്തിക ശാസ്ത്രപരവും നയതന്ത്രപരവുമാണ് എന്നാണ്. അതുകൊണ്ട്, പ്രകൃതിയുടെ അപദാനങ്ങൾ പാടുന്നതിനും മനുഷ്യന്റെ രക്ഷാധികാരബോധം ഉണർത്തുന്നതിനുമപ്പുറം ജീവൽ സങ്കേതങ്ങളെ പരിരക്ഷിക്കാനുള്ള അടിസ്ഥാനജനസമൂഹങ്ങളുടെ സമരമുഖങ്ങളിലാണിനി പരിസ്ഥിതിബോധ്യങ്ങൾ ജഡംധരിക്കേണ്ടത്. പരിസ്ഥിതിദിനത്തിൽ ചെടിനടുന്നത് ഉചിതം തന്നെ.
എന്നാൽ ഇരുന്നൂറ് ദിവസങ്ങൾ പിന്നിടുന്ന ഡൽഹിയിലെ കർഷകസമരത്തെയും കടലിനെയും തീരദേശങ്ങളെയും പരിരക്ഷിക്കാനുള്ള ലക്ഷദ്വീപ് ജനതയുടെ പ്രതിരോധങ്ങളെയും അവഗണിച്ചുകൊണ്ടാകുമ്പോൾ അത് പ്രശ്നം തന്നെയാണ്. സകലചരാചരങ്ങളും ഈറ്റുനോവോടെ കാത്തിരിക്കുന്ന വീണ്ടെടുപ്പിന്റെ പ്രക്രിയ അതിജീവനത്തിന്റെ രാഷ്ട്രീയപ്രക്രിയയാണെന്നുള്ളത് വിസ്മരിക്കാൻ പാടില്ല. ക്രൈസ്തവരുടെ ഹരിതദൈവശാസ്ത്ര ദർശനങ്ങൾ സർഗ്ഗാത്മക രാഷ്ട്രീയപ്രക്രിയയാകുന്നത് അത്തരം തിരിച്ചറിവുകളിലാണ്.





# പരിസ്ഥിതി എന്ന രാഷ്ട്രീയ ബോധം

ഇയ്യോബ് 38:1– 41

പരിസ്ഥിതിദിന ധ്യാനം

# പരിസ്ഥിതി: ദൈവമഹത്വത്തിന്റെ ഗാനമാല്യം

റവ. റെജിൻ രാജു
(മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി, കോട്ടയം)



ജ്ഞാനത്തിന്റെ ഒരരുവിയാണ് വിശുദ്ധ വേദപുസ്തകത്തിലെ ഇയ്യോബിന്റെ പുസ്തകം. മനുഷ്യന്റെ വിചാരഗതികളെ തകിടംമറിച്ചുകൊണ്ട് മുന്നേറുന്ന ദൈവീക ഇടപെടലുകളുടെ നേർസാക്ഷ്യമാണ് അതിന്റെ ഇതിവൃത്തം. ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ചുള്ള വേദപുസ്തക വിവരണങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് ഇയ്യോബ് 36:26 മുതൽ 42:6 വരെയുള്ള തിരുവചനഭാഗം. ഉല്പത്തി പുസ്തകത്തിലെ സൃഷ്ടിവിവരണങ്ങളിൽ മേൽക്കൈ ലഭിച്ചിരിക്കുന്നത് മനുഷ്യവർഗ്ഗത്തിനാണെങ്കിൽ സൃഷ്ടിയുടെ വൈവിധ്യവും അതിന്റെ ഭാഗമായിരിക്കുന്ന മനുഷ്യരുമാണ് ഇയ്യോബിന്റെ പുസ്തകത്തിലെ ശ്രദ്ധാകേന്ദ്രം. ഇയ്യോബ് 38–ാം അധ്യായത്തിൽ ഭൂമിയുടെയും സമുദ്രത്തിന്റെയും ഉല്പത്തി (വാക്യങ്ങൾ 4–11), പ്രഭാതത്തിന്റെയും (വാക്യം 12:15) അന്ധതമസ്സിന്റെയും (വാക്യം 17–20) പിന്നിലെ രഹസ്യങ്ങൾ, ഹിമവും മഴയും ഇടിമിന്നലും ഉത്ഭവിക്കുന്നിലെ ചോദനകൾ (22–30), ആകാശനിയമങ്ങളുടെ മേലുള്ള ദൈവത്തിന്റെ സർവ്വാധിപത്യം (വാക്യം 31–33), മൃഗജാലങ്ങളോടുള്ള ദൈവത്തിന്റെ കരുതൽ (39–41) എന്നിവയെല്ലാം പരാമർശവിധേയമാകുന്നു.

മനുഷ്യസമൂഹത്തിന് പരിസ്ഥിതിയുമായുള്ള ഇഴയടുപ്പം കാര്യവിചാരകത്വത്തിനുള്ള നിയോഗംകൂടെ ഉൾച്ചേർന്നതാണ്. പുരുഷനെപ്പോലെ അരമുറുക്കി ഉത്തരം പറയുവാൻ തയ്യാറാകാനുള്ള ആഹ്വാനം (ഇയ്യോബ് 38:3) സകല ജീവജാലങ്ങളോടുമുള്ള ബന്ധത്തിൽ ഉത്തരം നൽകുവാനുള്ള മനുഷ്യരുടെ ബാധ്യതയെപ്പറ്റി സൂചന നൽകുന്നു. ഏദെൻ തോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാക്കുവാനും മനുഷ്യവർഗ്ഗത്തിനു ലഭിച്ച ദൈവീക കല്പനയുടെ (ഉല്പത്തി 2:15) തുടർ നടപടിയായി ഇതിനെ ഗണിക്കേണ്ടതാണ്. മനുഷ്യർക്കു പ്രകൃതിയുടെ മേൽ അടക്കിവാഴാനും ആധിപത്യം സ്ഥാപിക്കുവനുമുള്ള അവകാശമില്ലെന്ന് ഈ അധ്യായത്തിൽ ഉടനീളം കടന്നുവരുന്ന ചോദ്യങ്ങളിലൂടെ വ്യക്തമാകുന്നു. പ്രകൃതിയുടെ നിഗൂഢതകൾക്കു മുമ്പിൽ വിസ്മയിച്ചു നിൽക്കുന്ന മനുഷ്യർക്കു എല്ലാം തങ്ങളുടെ ഇംഗീതത്തിനനുസരിച്ച് നിയന്ത്രിക്കാം എന്ന് വിചാരിക്കാനാവില്ല. അതേ സമയം ദൈവസൃഷ്ടിയുടെ ചങ്ങലയിൽ ഒരു കണ്ണി എന്ന നിലയിൽ സഹജീവനവും സഹവർത്തിത്വവുമാണ് മനുഷ്യരും പ്രകൃതിയും തമ്മിലുണ്ടാകേണ്ടത്.

പ്രകൃതിയിലുള്ള എല്ലാറ്റിന്റെയും നിയന്ത്രണവും പരിപാലനവും ദൈവത്തിൽ നിക്ഷിപ്തമായിരിക്കുന്നു എന്നാണ് വേദഭാഗത്ത് നിന്ന് വെളിവാകുന്നത്. മനുഷ്യരുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളെയും പ്രകൃതിശക്തികളെയും സജീവമാക്കി നിലനിർത്തുന്നത് ദൈവീകതയാണ്. അകലെയെവിടെയോ നിന്ന് വിദൂര നിയന്ത്രണ ഉപാധികളിലൂടെ സൃഷ്ടിയെ നിയന്ത്രിക്കുന്നവനല്ല ദൈവം. എന്നാൽ മഞ്ഞുപൊഴിച്ചും മഴപെയ്യിച്ചും ഇരതേടികൊടുത്തും സൃഷ്ടിയോടൊപ്പം സക്രീയമായിരിക്കുന്ന ചേതനയാണ് ദൈവം. പലപ്പോഴും പ്രകൃതി ദൈവത്തിന്റെ നാവായി മാറുന്നത് വേദപുസ്തകം ചിത്രീകരിക്കുന്നു (ഇയ്യോബ് 38:1; സങ്കീർത്തനം 19:1). ചെറിയ മാറ്റങ്ങളിലൂടെപ്പോലും വലിയ സൂചനകളാണ് പരിസ്ഥിതി മനുഷ്യർക്ക് നൽകിക്കൊണ്ടിരിക്കുന്നത്.

ദൈവത്തിന്റെ മുൻഗണനാക്രമത്തിൽ നിന്നും പ്രകൃതിയിലെ ഒരു ഘടകംപോലും മാറ്റിനിർത്തപ്പെടുന്നില്ല. ഗാർഹികമെന്നോ, വന്യമെന്നോ, പ്രയോജനമുള്ളതെന്നോ ഇല്ലാത്തതെന്നോ ഉള്ള വേർതിരിവുകൾ ഉല്ലംഘിക്കുന്ന ദർശനങ്ങളാണ് വേദഭാഗം പങ്കുവയ്ക്കുന്നത്. മഹാനക്രവും സിംഹവും കാളക്കൂറ്റന്മാരും മാത്രമല്ല നീഹാരവും പൊടിയും മണ്ണാങ്കട്ടയും കാക്കയും കുഴിമുയലും എല്ലാം ദൈവീക പരിലാളനയുടെ ആശ്ലേഷത്തിൽ അമരുന്നു. സൃഷ്ടി ഒന്നാകെ ദൈവത്തിന്റെ ഉടമ്പടി സമൂഹമായി (ഉല്പത്തി 9:10) മഴവില്ലുപോലെ വർണ്ണം വിതറുന്നു. പരിസ്ഥിതി എന്നത് വ്യത്യസ്തതകളുടെ ആഘോഷവേദിയാണ്.

മനുഷ്യരിൽ നിന്നും വേറിട്ട ഒന്നല്ല പരിസ്ഥിതി എന്നും, മനുഷ്യർ ആ വിശാല കുടുംബത്തിന്റെ ഭാഗമായി നിന്ന് സകല സൃഷ്ടിയിലെയും ദൈവീകത തിരിച്ചറിയുകയും കാവൽക്കാർ എന്ന നിലയിൽ അരകെട്ടി നിന്ന് പരിസ്ഥിതിയെക്കുറിച്ചൊട്ടാകെ മറുപടി ബോധിപ്പിക്കുകയും ചെയ്യേണ്ടതാണ് എന്ന് വേദപുസ്തകം അടിവരയിട്ട് വിശദീകരിക്കുന്നു. ഉത്തരവാദിത്തബോധമുള്ള സഹജീവനമാണ് എക്കാലത്തും മനുഷ്യ–പരിസ്ഥിതി ബന്ധത്തിനു കരണീയം. പ്രകൃതിയോട് ആരാധനയെക്കാൾ ആദരവോടെയുള്ള സമീപനത്തിനാണ് പ്രസക്തി. സ്വരുക്കൂട്ടലല്ല സ്വയത്തെ ത്യജിക്കുവാനുള്ള സമർപ്പണമാണ് മനുഷ്യരുടെയും പ്രകൃതിയുടെയും വളർച്ചയ്ക്കും നിലനിൽപ്പിനും അഭികാമ്യം.



# പരിസ്ഥിതി എന്ന രാഷ്ട്രീയം: സ്ത്രീപക്ഷ കാഴ്ചപ്പാട്

**അരുണ ജ്ഞാനദാസൻ**
(മുൻ ഡയറക്ടർ, വിമൺ ഇൻ ചർച്ച് & സൊസൈറ്റി, WCC)

ഭൂമിയിലെ ജീവൽസങ്കേതങ്ങളായ മണ്ണും മരങ്ങളും വെള്ളവും വായുവും വിഷലിപ്തമാകുമ്പോൾ അത് ഏറ്റവുമധികം പ്രതിസന്ധി സൃഷ്ടിക്കുന്നത് പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന അടിസ്ഥാന ജനസമൂഹങ്ങളെയും സ്ത്രീകളെയുമാണ്. കുടിവെള്ളം കിട്ടാതെ വരുമ്പോൾ, ഭക്ഷണം പാചകം ചെയ്യാൻ വിറക് കിട്ടാതെ വരുമ്പോൾ, കീടനാശിനികൾ ഉപയോഗിക്കാത്ത പച്ചക്കറികൾ കിട്ടാതെ വരുമ്പോൾ നമ്മുടെ വീടുകളിൽ ഏറെ പ്രതിസന്ധിയിലാവുന്നത് സ്ത്രീകളാണ്. ഈ പ്രതിസന്ധിയാണ് പരിസ്ഥിതിയെയും സ്ത്രീകളെയും ബന്ധിപ്പിക്കുന്ന രാഷ്ട്രീയം. പുരുഷകേന്ദ്രീകൃത സാമ്പത്തിക ശാസ്ത്രവും വികസന തന്ത്രങ്ങളുമൊക്കെ ഇവിടെ പ്രതിക്കൂട്ടിലാവുന്നു. അതുകൊണ്ടാണ് രാഷ്ട്രീയമായാലും ദൈവശാസ്ത്രമായാലും സ്ത്രീമുന്നേറ്റ പ്രസ്ഥാനത്തിന്റെ സുപ്രധാന അജണ്ടയായി പരിസ്ഥിതിപ്രശ്നം മാറുന്നത്.

**പരിസ്ഥിതിയെ നശിപ്പിക്കാനുള്ള ശ്രമം കേവലം വ്യവസായികളുടെ ലാഭക്കൊതിയുടെയോ ഭരണാധികാരികളുടെ സ്വാർത്ഥ താല്പര്യങ്ങളുടെയോ മാത്രം ഉല്പന്നമല്ല. പ്രകൃതിയെ ചൂഷണ വസ്തുവായിക്കാണുന്ന ആധുനിക ശാസ്ത്ര സാങ്കേതിക അറിവുകളും മനുഷ്യന്റെ രക്ഷാധികാരബോധത്തെക്കുറിച്ചുള്ള തത്വചിന്തകളും ലിബറൽ സമ്പത്ഘടനയുടെ വളർച്ചയുമെല്ലാം അതിനു കാരണമായിട്ടുണ്ട്. മനുഷ്യകേന്ദ്രീകൃത ദർശനത്തിൽ നിന്നും ജീവൽകേന്ദ്രീകൃത ബോധത്തിലേക്കും പുരുഷ കേന്ദ്രീകൃത മനോഭാവത്തിൽനിന്നും സ്ത്രൈണ ബോധത്തിലേക്കുമുള്ള മാറ്റമാണ് സ്ത്രീപക്ഷ പരിസ്ഥിതി ചിന്തകരും പ്രതിരോധപ്രവർത്തകരും മുന്നോട്ടുവയ്ക്കുന്നത്.**

ഇന്ത്യയിലെ സ്ത്രീമുന്നേറ്റപ്രസ്ഥാനം പരിസ്ഥിതി പ്രശ്നവുമായി ചേർന്നുവന്ന നിരവധി ചരിത്ര മുഹൂർത്തങ്ങളുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടതാണ് ഉത്തരാഖണ്ഡിലെ ഹിമാലയസാനുക്കളിൽ രൂപം കൊണ്ട ചിപ്കോ മൂവ്മെന്റ്. വികസനത്തിന്റെ പേരുപറഞ്ഞ് വ്യാപകമായി മരംമുറിക്കാൻ ശ്രമിച്ചപ്പോൾ മരങ്ങളെ ആശ്ലേഷിച്ച് നിന്ന് പ്രതിരോധം തീർത്ത ആദിവാസി സ്ത്രീകളുടെയും കുട്ടികളുടെയും പുരുഷൻമാരുടെയും ചിത്രം നമ്മുടെ മനസ്സിൽ നിന്നും ഒരുകാലത്തും മാഞ്ഞുപോകില്ല. ഈ

പ്രതിരോധത്തെക്കുറിച്ച് വന്ദന ശിവ പറയുന്നത്, ജീവൻ നിഷേധ വികസന പ്രത്യശാസ്ത്രങ്ങൾക്കെതിരെ ഇന്ത്യൻ സ്ത്രീകൾ നയിച്ച ഐതിഹാസികമായ രാഷ്ട്രീയ പ്രതിരോധമെന്നാണ്. 1975 ൽ ഏതാണ്ട് മുന്നൂറോളം ഗ്രാമങ്ങളാണ് ഇപ്രകാരം പ്രകൃതിചൂഷണത്തിന് ഇരയായത്. കാടുകൾ ലാഭം കൊയ്യാനുള്ള വിളനിലങ്ങളല്ലെന്നും ഭൂമിയിൽ ജീവൻ നിലനിർത്താനും അടിസ്ഥാന സമൂഹങ്ങളുടെ അതിജീവനം സാധ്യമാക്കാനുമുള്ള ഉപാധിയാണെന്നും ഉള്ള ചിപ്കോ പ്രസ്ഥാനത്തിലെ സ്ത്രീകളുടെവാദം പലപ്പോഴും വ്യവസായ ഇടനിലക്കാർക്കും ഭരണാധികാരികൾക്കും മനസ്സിലായിരുന്നില്ല. സ്ത്രീകളുടെ സാമൂഹ്യ അറിവുകളും അനുഭവങ്ങളും പൊതുസമൂഹത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണെന്ന സത്യം ഉറക്കെ പ്രഖ്യാപിക്കുകയായിരുന്നു അവർ.

പരിസ്ഥിതിയെ നശിപ്പിക്കാനുള്ള ശ്രമം കേവലം വ്യവസായികളുടെ ലാഭക്കൊതിയുടെയോ ഭരണാധികാരികളുടെ സ്വാർത്ഥ താല്പര്യങ്ങളുടെയോ മാത്രം ഉല്പന്നമല്ല. പ്രകൃതിയെ ചൂഷണവസ്തുവായിക്കാണുന്ന ആധുനിക ശാസ്ത്ര സാങ്കേതിക അറിവുകളും മനുഷ്യന്റെ രക്ഷാധികാരബോധത്തെക്കുറിച്ചുള്ള തത്വചിന്തകളും ലിബറൽ സമ്പത്ഘടനയുടെ വളർച്ചയുമെല്ലാം അതിനു കാരണമായിട്ടുണ്ട്. മനുഷ്യകേന്ദ്രീകൃത ദർശനത്തിൽ നിന്നും ജീവൽകേന്ദ്രീകൃത ബോധത്തിലേക്കും പുരുഷകേന്ദ്രീകൃത മനോഭാവത്തിൽനിന്നും സ്ത്രൈണ ബോധത്തിലേക്കുമുള്ള മാറ്റമാണ് സ്ത്രീപക്ഷ പരിസ്ഥിതി ചിന്തകരും പ്രതിരോധപ്രവർത്തകരും മുന്നോട്ടുവയ്ക്കുന്നത്. ഇതാണ് ശരിയായ ഹരിത രാഷ്ട്രീയത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറ. ഇത്തരം പ്രത്യയശാസ്ത്ര അടിത്തറയിലാണ് അടിസ്ഥാന സമൂഹങ്ങളും സ്ത്രീകളും പരിസ്ഥിതി രാഷ്ട്രീയത്തിന്റെ ധാരയിൽ അണിചേരുന്നത്. അത്തരത്തിലുള്ള ഒരു പ്രസ്ഥാനമായിരുന്നു മേധാപട്കറിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട നർമദാ ബചാവോ ആന്തോളൻ (NBA).

**പരസ്പരാശ്രയത്വത്തിന്റെ സമഗ്രദർശനം**

വികസനം എല്ലാവരുടേതുമാണ്. കുറച്ചുപേർക്ക് മാത്രമുള്ളതല്ല. വികസനം സമഗ്രവും സുസ്ഥിരവുമായിരിക്കണം. ജീവന്റെ സമഗ്രദർശനമാണ് സ്ത്രീപക്ഷ പരിസ്ഥിതി ചിന്ത മുന്നോട്ടുവയ്ക്കുന്നത്. സ്ത്രീയെ മാനിക്കുന്ന പരിസ്ഥിതി ദർശനം പരിസ്ഥിതിയെയും മാനിക്കുന്നതായിരിക്കും. ഇത് പരസ്പരാശ്രയത്വത്തിന്റെ സമഗ്ര ജീവൽദർശനമാണ്. ഭൂമിയെ അതിന്റെ ജീർണ്ണതയിൽ നിന്നും പരിരക്ഷിക്കുന്നതും പുതുക്കുന്നതുമായ ദൈവീക ശക്തി സ്ത്രൈണഭാവം ഉൾകൊള്ളുന്നു. ഇന്ത്യയിലെ പൗരാണിക സമൂഹങ്ങളിലെ ഉർവ്വരതാ സങ്കല്പങ്ങളിൽ നമുക്കത് കാണാൻ സാധിക്കും. സൃഷ്ടിതാവായ ദൈവത്തിലും പ്രകൃതിയോടും സ്ത്രീകളോടും ആദരവോടു സമീപിച്ച ക്രിസ്തുവിലും തെളിഞ്ഞുകാണുന്ന ദിവ്യതയും ഇതുതന്നെയാണ്. ഇതാണ് സമഗ്രമായ ക്രൈസ്തവ ഹരിത ദൈവശാസ്ത്ര ദർശനം. ഈ സമഗ്ര ജീവൽദർശനം വിഭാഗീയതകളെയും ഭിന്നതകളെയും മറികടക്കുന്നതാണ്. ശരീരം-ആത്മാവ്, നശ്വരം-അനശ്വരം, സ്ത്രീ-പുരുഷൻ, ദൈവം-ലോകം തുടങ്ങിയ ഭിന്നതകളെ മറികടന്ന് അത് ഒരു പൊതുജീവൽദർശനം രൂപപ്പെടുത്തുന്നു. ഈ പൊതുജീവൽദർശനം ഒരേസമയം തന്നെ സ്ത്രൈണവും ഭൗതികവും പ്രതിരോധാത്മകവുമായിരിക്കും. നമ്മുടെ ചുറ്റുപാടും നടക്കുന്ന പരിസ്ഥിതി പ്രതിരോധങ്ങളിലൊക്കെ പ്രസ്തുത സമഗ്രജീവൽദർശനത്തിന്റെ അനുരണനങ്ങൾ കാണാൻ സാധിക്കും. അത് തിരിച്ചറിയുകയും പങ്കുചേരുകയും ചെയ്യുമ്പോഴാണ് ദൈവഭവനത്തിന്റെ കാവൽക്കാർ എന്ന നിയോഗം ക്രൈസ്തവരായ നമുക്ക് സാക്ഷാത്കരിക്കാനാവുക.

(Towards an Ecological World -View for the Mission of the Church എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ സംക്ഷിപ്തരൂപം)


## 2022ൽ ആരംഭിക്കുന്ന വൈദിക വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള അപേക്ഷാഫോറം

### മാർത്തോമ്മാ സഭയിൽ പട്ടത്വശുശ്രൂഷയ്ക്കു ദൈവവിളിയും നിശ്ചിതയോഗ്യതയുമുള്ള മാർത്തോമ്മാ സഭാംഗങ്ങളുടെ അപേക്ഷ ക്ഷണിക്കുന്നു

അംഗീകൃത സർവ്വകലാശാലയിൽ നിന്ന് സെക്കൻഡ് ക്ലാസോടുകൂടെയോ അതിലും ഉപരിയായോ ബാച്ചിലർ ബിരുദം നേടിയ അല്ലെങ്കിൽ സെറാംപൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേഷനുള്ള, സഭ അംഗീകരിച്ചിട്ടുള്ള സെമിനാരിയിൽ നിന്നു ബാച്ചിലർ ഓഫ് തിയോളജിയിൽ (ബി.റ്റി.എച്ച്) സെക്കൻഡ് ക്ലാസോടുകൂടെയോ അതിലും ഉപരിയായോ ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. ബി.റ്റി.എച്ച് ബിരുദധാരികൾ സെറാംപൂർ യൂണിവേഴ്സിറ്റി നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള രണ്ട് ഇംഗ്ലീഷ് പേപ്പറുകളും വിജയിച്ചിരിക്കണം. സഭ അംഗീകരിച്ചിട്ടുള്ള മറ്റു മാനദണ്ഡങ്ങളും ബാധകമായിരിക്കുന്നതാണ്. അപേക്ഷാഫോറം ഇടവക വികാരിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ സഭാ ആഫീസിൽ നിന്നു ലഭിക്കുന്നതാണ്. ഇമെയിലിലും അപേക്ഷാഫോറം ലഭിക്കുന്നതാണ്. പുരിപ്പിച്ച അപേക്ഷാഫോറം ആവശ്യമായ രേഖകളോടൊപ്പം 2021 **ആഗസ്റ്റ് 13 നകം സഭാ സെക്രട്ടറി, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല – 689 101** എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

**റവ. കെ. ജി. ജോസഫ്**
സഭാ സെക്രട്ടറി, മാർത്തോമ്മാ സഭാ ആഫീസ്, തിരുവല്ല 689 101
Email: sabhaoffice@marthoma.in

# മാർത്തോമ്മ സഭയും മതേതര വീക്ഷണവും

ഡോ. ജോർജ് കെ. അലക്സ്
(സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി)

മതാത്മകമായ ഒരു ജീവിതത്തിന് മതേതരമായ ഒരു മൂല്യമുണ്ടോ എന്ന ചോദ്യം പലപ്പോഴും നമ്മെ വേട്ടയാടാറുണ്ട്. മതം ഭൗതീകേതരമായ എന്തോ ഒന്നിന്റെ പിന്നാലെയുള്ള പ്രയാണമാണെന്ന് നാം പരക്കെ തെറ്റിധരിച്ചുപോയിട്ടുണ്ട്. വേദപുസ്തകത്തെ അരിസ്റ്റോട്ടിലിന്റെ കണ്ണടയിലൂടെ തോമസ് അക്വീനാസ് വായിച്ചു തുടങ്ങുമ്പോൾ മനുഷ്യന്റെ സാമൂഹിക രാഷ്ട്രീയ ബന്ധങ്ങൾക്കും നീതിബോധത്തിനും പുതിയ ഒരു മൂല്യം സിദ്ധമാകുന്നുണ്ട്. മദ്ധ്യകാലഘട്ടത്തിന്റെ മതകാലുഷ്യങ്ങൾക്കും അധികാര വ്യഗ്രതയ്ക്കും ഇടയിൽനിന്നാണ് മതേതരത്വം എന്ന ആശയം പിറക്കുന്നത്. ഹ്യൂഗോ ഗ്രോഷ്യസ് യുദ്ധങ്ങളെക്കുറിച്ചുള്ള തന്റെ രചനയിലൂടെ വിളമ്പരം ചെയ്യുന്ന ഈ അശയം പിൽക്കാല യുറോപ്പിന്റെ രാഷ്ട്രീയ അടിത്തറയായി മാറുന്നത് നാം കാണുന്നുണ്ട്. മതേതരത്വം എന്ന പദത്തിന് ഗ്രോഷ്യസിനെ തുടർന്നുള്ള അഞ്ചുനൂറ്റാണ്ടിനുള്ളിൽ നിരവധി അർത്ഥങ്ങളും വ്യാഖ്യാനങ്ങളുമുണ്ടായി. സമകാലിക ഇന്ത്യതന്നെ മതേതരത്വം എന്ന പദത്തിന് പുതിയ അർത്ഥങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ബഹു സാംസ്കാരികവും, മൂല്യവൈവിദ്ധ്യങ്ങൾ നിറഞ്ഞതുമായ ഒരു പദമാണ് മതേതരത്വം.

സമകാലിക ഇന്ത്യൻ രാഷ്ട്രീയ പശ്ചാത്തലത്തിലാണ് മതേതര സങ്കല്പം ഇവിടെ വീണ്ടും ചർച്ചാവിഷയമാകുന്നത്. ഭയാനകമായ നിലയിൽ മതധ്രുവീകരണത്തിലേക്ക് ഇന്ത്യൻ സമൂഹം സഞ്ചരിക്കുന്നു എന്ന് വ്യക്തമാക്കുന്ന പൊതു തെരഞ്ഞെടുപ്പുകളിലൂടെയാണ് നാം മുന്നോട്ടുപോകുന്നത്. മതവും ആത്മീയതയും രണ്ട് വിരുദ്ധ സങ്കല്പങ്ങളായാണ് പലപ്പോഴും നാം തെറ്റിധരിച്ചിട്ടുള്ളത്. ആത്മീയത വ്യക്തിയുടെ ഭൗതിക അതിരുകൾ, മതം, വംശം, വർഗം, ലിംഗം എന്നിവയെ മറികടക്കുന്ന ആത്മബോധത്തിന്റെ കണ്ടെത്തലാണ്. വേദപുസ്തകം എത്രയോ മനോഹരമായി ആത്മീയതയുടെ ഈ മർമ്മം നമുക്കു മുൻപിൽ വരച്ചുകാട്ടി. നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന പ്രമാണം തന്നെ ഒരു ഉദാഹരണമല്ലേ. ആത്മീയതയെ സംബന്ധിക്കുന്ന എല്ലാ ചോദ്യങ്ങളും ഭൗതീകമായ ബന്ധങ്ങളുടെ പുനർ നിർവചനത്തിലാണ് എത്തുക. നല്ല ഗുരോ നിത്യജീവൻ പ്രാപിക്കുവാൻ ഞാൻ എന്തുചെയ്യേണം എന്ന ചോദ്യത്തിന്, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കാൻ അവശ്യപ്പെടുന്ന ക്രിസ്തു, ആത്മീയമായ പ്രശ്നത്തിന് ഭൗതീകമായ പരിഹാരം നിർദേശിക്കുകയാണ്. ഇത്തരത്തിൽ ഉദാത്തവും സാർവത്രീകവുമായ ചില പരിഹാരമേഖലകൾ മതങ്ങളിൽ നമുക്കു

**മാർത്തോമ്മാ സഭ മതേതര അവബോധത്തെ ശക്തീകരിക്കാൻ നടത്തിയ നിരവധി പ്രവർത്തനങ്ങളുടെ ആശയാടിത്തറകൾ ആഴത്തിൽ പഠിക്കേണ്ടതുണ്ട്. കേരളത്തിൽ ഒരു പൊതുമണ്ഡലത്തെ രൂപപ്പെടുത്തുന്നതിൽ മാരാമൺ കൺവൻഷൻ നൽകുന്ന സംഭാവനകൾ, സ്ത്രീ നവോത്ഥാനം, എക്യുമിനിസം, സാമൂഹിക വികസനം എന്നിവയോട് ചേർത്തുവേണം നാം മതേതര അവബോധത്തെ ശക്തിപ്പെടുത്താൻ നടത്തിയ പരിശ്രമങ്ങളെയും തിരിച്ചറിയാൻ.**



കാണാൻ കഴിയും. മതം ഒരു ധർമ്മസംഹിതയായി നിൽക്കുന്നിടത്ത് 'മതം', 'മതേതരം' എന്ന വാക്കിന് പ്രസക്തിയില്ല. മറിച്ച് മതം ആചാര അനുഷ്ഠാനങ്ങളുടെ ആവിഷ്ക്കാരമാകുമ്പോൾ മതവും മതേതരവുമായ അതിരുകൾ ദൃഢമാവുകയും ചെയ്യും. 'ഞാൻ ഒരു ഉത്തമനായ ഹിന്ദുവായതുകൊണ്ടുതന്നെ ഉത്തമനായ മുസൽമാനും' ആണെന്ന് ഗാന്ധിജി പറയുന്നത് ഈ അവബോധത്തിൽനിന്നാണ്. മതത്തെ ഒരു ധർമ്മസംഹിത എന്ന നിലയിൽ കണ്ടെത്തുകയും ചേർത്തുപിടിക്കുകയും ചെയ്യുമ്പോഴാണ് മതം തന്നെ കാലാതീതമായി പ്രസക്തമാകുന്നത്.

മദ്ധ്യകാലയുഗത്തിൽനിന്നും ആധുനികതയിലേക്കുള്ള പ്രയാണത്തിലാണ് മതേതരം എന്ന വാക്ക് ജനിക്കുന്നത്. അധുനിക സമൂഹം മതത്തെ തങ്ങളുടെ സമകാലിക ജീവിതത്തിൽ കണ്ടെത്താൻ നടത്തിയ കഠിന പരിശ്രമത്തിന്റെ കൂടെ പരിണിതഫലമാണ് ഈ പദത്തിന്റെ കണ്ടെത്തൽ. ദേശീയ സ്വത്വവും മതസ്വത്വവും തമ്മിലുള്ള സംഘർഷത്തിൽ നാം സ്വയം പ്രതിഷ്ഠിക്കുന്നത് എവിടെയാണ്. മതാത്മക രാഷ്ട്രങ്ങൾ മുന്നോട്ടുവയ്ക്കുന്ന ആശയം രാഷ്ട്രവും മതവും അഭിന്നങ്ങളാണ് എന്നാണ് രാഷ്ട്രസ്വത്വത്തോട് ചേർന്നു നിൽക്കുന്നവർ ദേശീയമതത്തെയും അതിന്റെ ആചാരങ്ങളെയും ആണ് പിന്തുടരേണ്ടത്. മതവും രാഷ്ട്രവും തമ്മിൽ അതിരുകൾ ഉണ്ടാവുന്നത് മതന്യൂനപക്ഷങ്ങളിലേക്ക് എത്തുമ്പോഴാണ്. ഒരു രാഷ്ട്രത്തിന്റെ പൊതുമതത്തിനുള്ളിലെ ആചാരങ്ങൾക്ക് വെളിയിൽ നിൽക്കുന്ന ന്യൂനപക്ഷം തങ്ങളുടെ സ്വത്വത്തെ വിശകലനം ചെയ്യേണ്ടിവരുമ്പോഴാണ് മതേതരത്വം ചർച്ചചെയ്യേണ്ടിവരിക. ഇതിനർത്ഥം മതേതരത്വം എന്നത് മതങ്ങളെ സംബന്ധിച്ച പ്രശ്നമല്ല, രാഷ്ട്രത്തെയും രാഷ്ട്രാവബോധത്തെയും സംബന്ധിച്ച പ്രശ്നമാണ്. മതേതരത്വം പ്രതിസന്ധിയിലാണ് എന്ന് കേൾക്കുമ്പോൾ നാം തിരിച്ചറിയേണ്ടത് രാഷ്ട്രം മൂന്നു തരത്തിലുള്ള പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നു എന്നാണ്. 1. രാഷ്ട്രീയ പ്രതിസന്ധി, 2. സാംസ്കാരിക പ്രതിസന്ധി, 3. ധാർമ്മിക പ്രതിസന്ധി.

രാഷ്ട്രം ഏതൊക്കെ സന്ദർഭത്തിൽ അതിനെ സ്വയം നിർവചിക്കുവാൻ നിർബന്ധിതമാകുന്നുണ്ടോ അത്തരം സന്ദർഭങ്ങളിലെല്ലാം തന്നെ മതേതരത്വം ചർച്ചാവിഷയമായിട്ടുണ്ട്. രാഷ്ട്രത്തിന് സ്വയം നീതികരിക്കേണ്ടിവരുമ്പോഴാണ് മതേതര സങ്കല്പം പുനർ പരിശോധിക്കപ്പെടുന്നത്. ഇന്ത്യയിൽ നെഹ്റുവിയൻ കാലഘട്ടത്തിലുണ്ടായിരുന്ന മതേതര അവബോധമല്ല ഏഴുപതിറ്റാണ്ടിനു ശേഷം പ്രബലമായിട്ടുള്ളത്. ദേശപ്രതീകങ്ങളെക്കുറിച്ചുള്ള സങ്കലപങ്ങളിൽ ഇതു നമുക്ക് കാണാം. ഭക്രനംഗൽ അണക്കെട്ടിൽനിന്നും സർദാർപട്ടേലിന്റെ പ്രതിമയിലേക്കുള്ള അകലം രാഷ്ട്രീയ അവബോധത്തിന്റെ മാപിനിയാണ്. സാംസ്കാരിക പ്രതീകങ്ങൾ പുനർ പ്രതിഷ്ഠിക്കപ്പെടുന്നുണ്ട്. ഭൂരിപക്ഷ മതചിഹ്നങ്ങളുടെ പ്രകടനപരമായ ആവിഷ്ക്കാരങ്ങൾ സ്വാഭാവികമെന്നോണമാണ് ന്യൂനപക്ഷങ്ങളുടെ അപരത്വവത്ക്കരണം സാദ്ധ്യമാക്കുന്നത്. രാഷ്ട്രീയത്തിൽനിന്ന് സംസ്കാരത്തിലേക്കാണോ, സംസ്കാരത്തിൽനിന്നും രാഷ്ട്രീയത്തിലേക്കാണോ ഈ പ്രതിസന്ധി സംക്രമിക്കുന്നതെന്ന് നമുക്ക് പറയാനാവില്ല. രണ്ടും പരസ്പര പൂരകമാണ്. മതങ്ങൾക്ക് ആന്തരീകമായി നേരിടുന്ന ധാർമ്മിക പ്രതിസന്ധി സ്വാഭാവികമായി രാഷ്ട്രീയ അവബോധത്തെക്കൂടി ഗ്രസിക്കും. അങ്ങനെ പരസ്പരം ബന്ധിതമായിരിക്കുന്ന പ്രതിസന്ധിയെയാണ് നാം അഭിമുഖീകരിക്കുന്നത്.

മതേതരത്വം ലിബറൽ ആശയങ്ങളുമായി ചേർന്ന് വികസിക്കുന്നതാണ്. പോൾ നാഹം (Paul Egan Nahme) ഹെർമ്മൻ കോഹനെക്കുറിച്ചുള്ള രചനയുടെ ആമുഖത്തിൽ വിശദമാക്കുന്നുണ്ട്. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിലെ ജർമ്മൻ സാമൂഹിക രാഷ്ട്രീയ പരിസരം വിശകലനം ചെയ്തുകൊണ്ടാണ് നാഹം തന്റെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നത്. സ്വകാര്യ ഇടത്തിന്റെ അംഗീകാരമാണ് മതേതരത്വ സങ്കല്പത്തിന്റെ വികാസവുമായി ബന്ധപ്പെട്ട് അടയാളപ്പെടുത്തപ്പെടുക. വ്യക്തിവാദം, യുക്തിചിന്ത, സ്വാതന്ത്ര്യം, തുല്യത എന്നീ സങ്കല്പങ്ങളുമായി ചേർന്നാണ് മതേതരസങ്കല്പം വികസിച്ചത്. ഈ സങ്കല്പങ്ങൾ ശക്തിയാർജിക്കുന്ന ഇടത്തിൽ മാത്രമേ മതേതരം എന്ന ആശത്തിനും പ്രസക്തിയുള്ളു. മാർത്തോമ്മാ സഭ കേരളീയ സാമൂഹിക പരിസരങ്ങളിൽ എങ്ങനെയാണ് മതേതരമൂല്യങ്ങളെ സന്നിവേശിപ്പിച്ചത് എന്ന ചോദ്യത്തിന്റെ ഉത്തരം കൊടുക്കും മുമ്പ് ഈ ആമുഖം പ്രസക്തമാകുന്നത് മതേതരം എന്ന ആശയത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകളെ പരിശോധിക്കുന്നതിനു വേണ്ടിയാണ്. ഒരു സമൂഹത്തിൽ ലിബറൽ മൂല്യങ്ങൾ കരുത്താർജിക്കുമ്പോൾ മാത്രമേ മതേതരം എന്ന വാക്കിന് പ്രസക്തിയുള്ളു. മറ്റൊരു അർത്ഥത്തിൽ മതേതരം എന്ന പദം തന്നെ ഒരു ആത്മീയ വീക്ഷണമാണ്. ലളിതമായി പറഞ്ഞാൽ മനുഷ്യനെ വിമോചിപ്പിക്കുന്ന പ്രവർത്തനം കൂടിയാണ് മതേതരത്വം.

ഇനി മാർത്തോമ്മ സഭയും മതേതര വീക്ഷണവും എന്ന ആശയം നമുക്ക് പരിശോധിക്കാം. പരമ്പര്യത്തിന്റെയും ആധുനികതയുടെയും സമഗ്രമായ സംയോജനമാണ് മാർത്തോമ്മാ സഭ. പരമ്പര്യത്തോടുള്ള വിമർശനാത്മകമായ വായനയ്ക്ക് ഇടമൊരുക്കുന്നതിൽ പാശ്ചാത്യ ലോകവീക്ഷണത്തിന്റെ കടന്നുവരവിന് സവിശേഷ പ്രാധാന്യവുമുണ്ട്. പാശ്ചാത്യവിദ്യാഭ്യാസവും, സാമൂഹിക നവോത്ഥാനവും പരസ്പര പൂരകമായാണ് വികസിച്ചത്. പാരമ്പര്യങ്ങളെ പൂർണമായി നിഷേധിക്കാൻ ഇന്ത്യൻ മത പരിഷ്ക്കരണവാദികൾക്കും നവോത്ഥാന നായകർക്കും കഴിഞ്ഞില്ല. സാമൂഹിക പരിവർത്തനത്തിൽ ഇത്തരം സന്നിഗ്ദ്ധതകൾക്ക് സവിശേഷ പ്രാധാന്യമുണ്ട്. കേരളീയ മതനവീകരണ പ്രസ്ഥാനത്തിൽ സവിശേഷ പ്രാധാന്യം അർഹിക്കുന്ന അബ്രഹാം മല്പാനും ഇതേ സന്നിഗ്ദ്ധതയിലൂടെ തന്നെയാണ് സഞ്ചരിച്ചത്. അന്ത്യോക്യൻ പൈതൃകത്തെ മുൻനിർത്തിയാണ് നവീകരണത്തിനു തുടക്കം കുറിച്ചത്. മതനവീകരണം എന്നത് മതാവബോധത്തിന്റെ യുക്തിപരമായ പരിശോധനയാണ്. മതവിശ്വാസത്തെ യുക്തികൊണ്ട് പരിശോധിച്ച് അതിന് അനുപൂരകമായി തന്റെ വിശ്വാസത്തെ രൂപപ്പെടുത്തിയെടു

ക്കുമ്പോൾ ഒരാൾ മതേതരമായ നിലപാട് കൈക്കൊള്ളുകയാണ് ചെയ്യുന്നത്. ഒറ്റ നോട്ടത്തിൽ പരസ്പര വിരുദ്ധം എന്ന് നാം കരുതുന്ന ഒരാശയമാണിത്.

ഈ പ്രശ്നത്തെ മറികടന്ന ചിന്തകനാണ് ഹെന്റിച്ച് ഹെയ്ൻ. മതത്തെ യുക്തികൊണ്ട് സമീപിക്കുമ്പോൾ മനുഷ്യനെ ആത്മാവെന്നും ശരീരമെന്നും നെടുകെപ്പിളർക്കുന്ന മതബോധത്തെ ഉല്ലംഘിച്ചുകൊണ്ട് ആത്മാവും ശരീരവും ഒന്നാണെന്ന് നാം പ്രഖ്യാപിക്കുന്നു എന്ന് ഹെയിൻ വ്യക്തമാക്കുന്നു. മനുഷ്യൻ കർതൃത്വം നേടുന്നതിലൂടെ മതം എന്നത് വ്യക്തിനിഷ്ഠ രാഷ്ട്രീയ അനുഭവമായി മാറുന്നു എന്നും ഹെയിൻ വ്യക്തമാക്കുന്നതായി പോൾ നാഹം തന്റെ പഠനത്തിൽ രേഖപ്പെടുത്തുന്നുണ്ട്. ഇതിന്റെ പരിണിതഫലം മതം ആൾക്കൂട്ടത്തിന്റേതല്ല, മറിച്ച് വ്യക്തിനിഷ്ഠ അനുഭവമാണ്. വിശ്വാസത്തെ ആൾക്കൂട്ടത്തിൽനിന്നും മോചിപ്പിക്കുകയും ഓരോ വ്യക്തിക്കും തന്റേതായ മതം ഉണ്ടാവുകയും ചെയ്യുന്നു എന്നതാണ് ശ്രദ്ധേയം. ഓരോ വ്യക്തിയ്ക്കും ഭിന്നമായ മതബോധമുണ്ടെന്ന് അംഗീകരിക്കുന്നതിലൂടെ നാം സാർവത്രീകമായ മൂല്യബോധത്തിലേക്കാണ് സഞ്ചരിക്കുക. അങ്ങനെ വ്യക്തിയുടെ വിശ്വസ ബോധങ്ങളെ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന മൂല്യവസ്ഥയെയാണ് മതേതര അവബോധം എന്നു വിളിക്കുന്നത്.

മല്പാൻ പ്രസ്ഥാനത്തിന്റെ കാലം (1825-1835) ഇത്തരം ഒരു അവബോധത്തെ സ്വാംശീകരിക്കുന്നതായിരുന്നില്ല. വ്യക്തിഗത വിശ്വാസത്തിന് സാർവത്രികമൂല്യമുണ്ടെന്നും, വിശ്വാസങ്ങളെ യുക്തിപരമായി പരിശോധിക്കണം എന്നും കോട്ടയം സെമിനാരിയിലെ മല്പാന്മാർ ആവശ്യപ്പെടുന്നിടത്തുനിന്നാണ് മതാവബോധത്തിന്റെ അഴിച്ചുപണി ആരംഭിക്കുന്നത്. ഈ അഴിച്ചു പണി പിന്നീട് നിരന്തരം ആവർത്തിക്കപ്പെടുന്നതുകാണാം. ചട്ടമ്പി സ്വാമികൾ, ശ്രീനാരയണഗുരു, പൊയ്കയിൽ യോഹന്നാൻ തുടങ്ങി കേരളീയ സാമൂഹിക പരിഷ്ക്കരണത്തിന് മുന്നിട്ടറങ്ങിയവരെല്ലാം തന്നെ കേരളത്തിൽ ചിരപ്രതിഷ്ഠിതമായിരുന്ന മതാവബോധത്തെയാണ് അഴിച്ചു പണിതത്. അബ്രഹാം മല്പാന്റെ തക്സാപരിഷ്ക്കരണവും, നാരായണ ഗുരുവിന്റെ കണ്ണാടി പ്രതിഷ്ഠയും തിരുവിതാംകൂറുക്കാർക്കൊരു സുവിശേഷമുണ്ടോ എന്ന പൊയ്കയിലപ്പച്ചന്റെ ചോദ്യവും മതത്തിന്റെ റാഷ്ണലൈസേഷനായിരുന്നു. കേരളത്തെ മതേതര മൂല്യമുള്ള ഒന്നാക്കിമാറ്റുന്നതിൽ ഈ മതനവീകരണ പ്രസ്ഥാനങ്ങൾ പ്രാഥമിക നിലയിൽ വലിയ പങ്കുവഹിച്ചു. കേരളത്തിന്റെ പത്തൊമ്പതാം നൂറ്റാണ്ട് ആൾക്കൂട്ടത്തിൽനിന്നും വ്യക്തികളെ രൂപപ്പെടുത്തിയെടുത്തുകൊണ്ടാണ് മുന്നോട്ടുവന്നത്.

കേരളത്തിന്റെ മതേതര അവബോധത്തെ രൂപപ്പെടുത്തുന്നതിൽ 1860 നും 1930-നും ഇടയിൽ മാർത്തോമ്മാ സഭ വലിയ പങ്കാണ് വഹിച്ചത്. ഈ കാലഘട്ടത്തിന്റെ സവിശേഷത പൊതു ഇടങ്ങൾ രൂപപ്പെടുത്തിയെടുത്തു എന്നതാണ്. അതിൽ ക്രൈസ്തവ സംഗീതം വലിയ ഒരു പങ്കുവഹിച്ചിട്ടുണ്ട്. എങ്ങനെയാണ് കേരളീയ പൊതുമണ്ഡലത്തെ ക്രൈസ്തവ ഗാനസാഹിത്യം രൂപപ്പെടുത്തിയതെന്ന ചോദ്യം ഏറെ പഠനങ്ങൾ നടക്കേണ്ട ഒരു മേഖലയാണ്. മതേതര അവബോധത്തിന്റെ സംക്രമണം സാദ്ധ്യമാക്കുന്നതിൽ ഈ ഗാനമേഖല രണ്ട് പ്രക്രീയകളിലൂടെ കടന്നു പോകുന്നുണ്ട്. വിശ്വാസത്തെ വ്യക്തിഗതമാക്കുന്ന തലം ഒരു വശത്ത് തല്ക്കാലം നില്ക്കട്ടെ. മറുവശത്ത് ക്രൈസ്തവനെ അധീശ പൊതു സ്വത്വത്തോട് ചേർത്തുനിർത്തുക എന്നതായിരുന്നു. അത് ക്രൈസ്തവികമാണോ എന്ന ചോദ്യങ്ങളെല്ലാം പിൽക്കാലത്താണ് ഉരുത്തിരിയുന്നത്. ഇവിടെ സംഗീതത്തിന് ഒരു പൊതു സാംസ്കാരിക പ്രതലമുണ്ടായിരുന്നു. കർണാടിക്-ഹിന്ദുസ്ഥാനി സംഗീതവുമായി ക്രൈസ്തവഗാനങ്ങളെ വിളക്കിചേർക്കുന്നതിൽ ഉണർവുയോഗങ്ങൾ വലിയ ഒരു സ്ഥാനം വഹിച്ചു. ക്രൈസ്തവരും അക്രൈസ്തവരും കൂടിച്ചേർന്നാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലെ മിക്ക ഗാനങ്ങളും ചിട്ടപ്പെടുത്തിയത്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സംഭാവനകൾ ആ നിലയിൽ ഏറെ ശ്രദ്ധേയവുമാണ്. സുറിയാനി രാഗങ്ങളെ ഹിന്ദുസ്ഥാനി രാഗങ്ങളിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു എന്നത് ഈ മതേതര പ്രക്രീയയുടെ സവിശേഷമായ ഒരു ഏടുതന്നെയാണ്.

> **ഇന്ത്യൻ രാഷ്ട്രീയത്തിലെ അതിസങ്കീർണമായ സാമൂഹിക-രാഷ്ട്രീയ പ്രശ്നമായി ഭൂപ്രശ്നം അമ്പതുകളിലും അറുപതുകളിലും മാറിക്കഴിഞ്ഞിരുന്നു. ഗാന്ധിയൻ സോഷ്യലിസത്തിന്റെ പ്രതിഫലനങ്ങൾ മാർത്തോമ്മാ സഭയുടെ സാമൂഹിക ഇടപെടലുകളിൽ ദൃശ്യമാകുന്നതു കാണാം. ഭൂഭവനദാന പ്രസ്ഥാനം ഒരു രാഷ്ട്രീയ മുന്നേറ്റമാണ്. ഭൂഭവനദാന പ്രസ്ഥാനം ഒരു രാഷ്ട്രീയ മുന്നേറ്റമാണ്. നാം പലപ്പോഴും ദാനം എന്ന രണ്ടക്ഷരത്തിൽ ഒതുക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ വിവക്ഷകൾ, ഇന്ത്യയുടെ 1960-കളിലെ രാഷ്ട്രീയം, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ പിളർപ്പ് ഇങ്ങനെ നിരവധി ചരിത്ര സംഭവങ്ങളോട് ചേർത്തുവച്ചാണ് വായിക്കേണ്ടത്.**

ചരിത്രം ഭൂതകാലവും വർത്തമാനകാലവും തമ്മിലുള്ള സംവാദമാണെന്ന് പറയുന്നത് ഇവിടെ ഏറെ പ്രസക്തമാണ്. പൈതൃകം തേടിയുള്ള അന്വേഷണങ്ങൾ പലപ്പോഴും നമ്മെ അപകടങ്ങളിലേക്ക് നയിച്ചിട്ടുമുണ്ട്. അതുകൊണ്ടുതന്നെ മാനവസമുദായം ഇരുത്തിരിഞ്ഞുവന്ന സാമൂഹിക പ്രക്രീയകളെ മനസിലാക്കുകയും ഭൂതകാല

ത്തിൽ അഭിരമിക്കാതെ വർത്തമാനകാലത്തെ ചിട്ടപ്പെടുത്തുകയുമാണ് ചരിത്ര അന്വേഷണത്തിന്റെ ലക്ഷ്യം.

തമസ്കൃത സാമൂഹിക സ്വത്വങ്ങളെ സാംസ്കാരികമായ ദൃശ്യതയിലേക്ക് ആനയിക്കുന്നതിനു കഴിഞ്ഞു എന്നതും മാർത്തോമ്മാ സഭയുടെ സവിശേഷതയാണ്. ഇവിടെ പാശ്ചാത്യ ലോകബോധം നമ്മെ സ്വാധീനിച്ചിട്ടുണ്ട്. അത് പ്രസരിപ്പിക്കുന്നതിൽ മിഷനറിമാർ സവിശേഷമായ പങ്കുവഹിച്ചിട്ടുമുണ്ട്. പക്ഷെ ആ അവബോധത്തിന് മലയാളമണ്ണിന്റെ പശിമയും ഉർവരതയും നൽകാൻ കഴിഞ്ഞത് സുവിശേഷ പ്രസംഗ സംഘത്തിന്റെ പ്രവർത്തനങ്ങളിലൂടെയാണ്. സുവിശേഷ പ്രസംഘം ഒരു പ്രവർത്തി സംഘമായിരുന്നു. വ്യക്തികൾ ആർജിച്ച വിശ്വാസത്തെ പല ഇടങ്ങളിലായി കൊളുത്തിവച്ചതാണ് മിഷൻ ഫീൽഡുകൾ. ആരോഗ്യമേഖലയിലുൾപ്പെടെ വിപുലമായ പ്രവർത്തന പദ്ധതിക്കാണ് പ്രസംഗസംഘം രൂപം നൽകിയത്. നിർഭാഗ്യവശാൽ സഭ ആദ്യമായി പരിശീലനം നൽകിയ ഡോക്ടറുടെ സേവനം നമുക്ക് ലഭിച്ചില്ലെങ്കിലും മെഡിക്കൽ മിഷൻ പ്രവർത്തനങ്ങൾ മുന്നോട്ടുപോയി, സഭയുടെ പ്രവർത്തനമേഖലകളെ പുതുതായി നിർവചിക്കാൻ കഴിഞ്ഞു. സുവിശേഷം പ്രവർത്തിച്ചു തുടങ്ങി എന്നു പറയാം.

ഇരുപതാം നൂറ്റാണ്ടിന്റെ സാമൂഹിക ആശയങ്ങളെ സ്വാംശീകരിക്കാനുള്ള പരിശ്രമങ്ങൾക്ക് പ്രാദേശിക തലത്തിലും ആഗോളതലത്തിലും വലിയസംഭാവനകൾ നൽകാനും നമുക്ക് കഴിഞ്ഞു. സിറിയൻ വിദ്യാർത്ഥി പ്രസ്ഥാനം സ്റ്റുഡന്റ് ക്രിസ്ത്യൻ മൂവ്മെന്റായി മാറുന്നത് കോഴഞ്ചേരി പള്ളിയിൽ വച്ച് 1912-ഡിസംബറിലാണ്. ജോൺ ആർ മോട്ടിന്റെ നേതൃത്വത്തിൽ സെറാംപൂരിൽ എസ് സി എം രൂപം കൊണ്ട അതേദിവസം കോഴഞ്ചേരി പ്പള്ളിയിലും വിദ്യാർത്ഥി സമ്മേളനം നടന്നു. ഇതിന്റെ റിപ്പോർട്ട് താരക പ്രസിദ്ധീകരിച്ചു. നാല് വിദ്യാർത്ഥികളെ കോഴഞ്ചേരിയിൽനിന്നും സെറാംപൂരിലേക്ക് അയച്ചുകൊണ്ട് സുവിശേഷീകരണത്തിന്റെ പുതിയ പഥങ്ങൾ തേടിയുള്ള പ്രയാണം ആരംഭിച്ചു. രണ്ടാം ലോകയുദ്ധത്തിനുശേഷം വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് മുന്നോട്ടു വച്ച ആശയമാണ് Responsible Socitey എന്നത്. സ്വാതന്ത്ര്യവും സാമൂഹിക നീതിയും തമ്മിലുള്ള സന്തുലനം ഈ കാലഘട്ടത്തിലെ പ്രാമാണിക ക്രൈസ്തവ സമീപനമായി മാറി. ആഗോള മനുഷ്യാവകാശ പ്രഖ്യാപനം തയ്യാറാക്കുന്ന സന്ദർഭത്തിൽ മതേതരത്വം എന്ന ആശയം വീണ്ടും ശക്തമായി. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് ആണ് മതസ്വാതന്ത്ര്യം സംബന്ധിച്ച അനുച്ഛേദം തയ്യാറാക്കുന്നതിനായി പ്രവർത്തിച്ചത്. UDHR ന്റെ തയ്യാറാക്കലിൽ WCC വഹിച്ച പങ്ക് ഇവിടെ വിശദീകരിക്കാൻ ശ്രമിക്കുന്നില്ല. മറിച്ച് ആഗോളതലത്തിലുണ്ടായ പരിവർത്തനം സഭയുടെ ഉൾക്കാഴ്ച്ചയിലുണ്ടാക്കിയ വലിയ മാറ്റത്തെ പ്രതിഫലിപ്പിക്കാൻ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ ഇടപെടലുകൾക്ക് കഴിഞ്ഞു.

ഇന്ത്യൻ രാഷ്ട്രീയത്തിലെ അതിസങ്കീർണമായ സാമൂഹിക-രാഷ്ട്രീയ പ്രശ്നമായി ഭൂപ്രശ്നം അമ്പതുകളിലും അറുപതുകളിലും മാറിക്കഴിഞ്ഞിരുന്നു. ഗാന്ധിയൻ സോഷ്യലിസത്തിന്റെ പ്രതിഫലനങ്ങൾ മാർത്തോമ്മാ സഭയുടെ സാമൂഹിക ഇടപെടലുകളിൽ ദൃശ്യമാകുന്നതു കാണാം. ഭൂഭവനദാന പ്രസ്ഥാനം ഒരു രാഷ്ട്രീയ മുന്നേറ്റമാണ്. നാം പലപ്പോഴും ദാനം എന്ന രണ്ടക്ഷരത്തിൽ ഒതുക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ വിവക്ഷകൾ, ഇന്ത്യയുടെ 1960-കളിലെ രാഷ്ട്രീയം, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ പിളർപ്പ് ഇങ്ങനെ നിരവധി ചരിത്ര സംഭവങ്ങളോട് ചേർത്തുവച്ചാണ് വായിക്കേണ്ടത്. സുവിശേഷീകരണത്തെ ഇത്രയധികം രാഷ്ട്രീയ ബോദ്ധ്യങ്ങളോടെ ഏറ്റെടുത്ത മറ്റൊരു സഭയും ഉണ്ടെന്നു കരുതുന്നില്ല.

1975ലെ അടിയന്തിരാവസ്ഥയെ തുടർന്നുള്ള കാലഘട്ടം ഒരു ബദൽ രാഷ്ട്രീയത്തെ ശക്തിപ്പെടുത്താനുള്ള അന്വേഷണങ്ങളുടേതായിരുന്നു. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ സാമൂഹിക പ്രസ്ഥാനങ്ങൾ ശക്തിയാർജിച്ചു. ജനകീയ പ്രശ്നങ്ങളിൽ സജീവമാകേണ്ട ആത്മീയതയെക്കുറിച്ചുള്ള അന്വേഷണങ്ങളും ശക്തമായി. ഡോ. എം. എം. തോമസിന്റെ ഭവനം കേന്ദ്രീകരിച്ചുള്ള യങ് പ്രീസ്റ്റ്സ് അസോസിയേഷൻ (YPA) ഇത്തരമൊരു അന്വേഷണത്തിന്റെ ഭാഗമായിരുന്നു. മാർത്തോമ്മാ സഭയിലെ നിരവധി വൈദികർ ഈ പഠനക്കളരിയിലൂടെ സാമൂഹിക പരിവർത്തന പ്രക്രീയയിൽ വ്യാപൃതരായി. നർമ്മദ, സൈലന്റ് വാലി, മത്സ്യത്തൊഴിലാളി സമരങ്ങൾ, വിമോചനദൈവശാസ്ത്രം തുടങ്ങിയ മേഖലകളിൽ ശ്രദ്ധപതിപ്പിച്ചുതുടങ്ങി. സാമൂഹിക അടിത്തറയുള്ള വിശ്വാസത്തിന്റെ ആവിഷ്ക്കാരത്തിൽ സഭാ നേതൃത്വം പ്രതിബദ്ധമായിരുന്നു. സമകാലിക പ്രശ്നങ്ങളിലേക്ക് സഭ ജാഗ്രതയോടെ ചുവടുവയ്ക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ നമുക്കുമുമ്പിലുണ്ട്. പൗരത്വപ്രശ്നത്തിലും, കർഷക പ്രക്ഷോഭത്തിലും സഭകൈക്കൊണ്ട നിലപാടുകൾ മതേതര അടിത്തറകളെയാണ് ശക്തീകരിക്കുന്നത്. ചരിത്രത്തിൽ വിശ്വാസ അധിഷ്ഠിതമായ മനുഷ്യമോചന പ്രക്രീയ സാദ്ധ്യമാണെന്നാണ് മതേതര സങ്കല്പം വ്യക്തമാക്കുന്നത്. ഈ ആശയത്തെ നിരന്തരം നവീകരിച്ചുകൊണ്ട് മുന്നേറാൻ നമുക്ക് കഴിയുന്നു.

മാർത്തോമ്മാ സഭ മതേതര അവബോധത്തെ ശക്തീകരിക്കാൻ നടത്തിയ നിരവധി പ്രവർത്തനങ്ങളുടെ ആശയാടിത്തറകൾ ആഴത്തിൽ പഠിക്കേണ്ടതുണ്ട്. കേരളത്തിൽ ഒരു പൊതുമണ്ഡലത്തെ രൂപപ്പെടുത്തുന്നതിൽ മാരാമൺ കൺവൻഷൻ നൽകുന്ന സംഭാവനകൾ, സ്ത്രീ നവോത്ഥാനം, എക്യുമിനിസം, സാമൂഹിക വികസനം എന്നിവയോട് ചേർത്തുവേണം നാം മതേതര അവബോധത്തെ ശക്തിപ്പെടുത്താൻ നടത്തിയ പരിശ്രമങ്ങളെയും തിരിച്ചറിയാൻ. ഈ പഠനത്തിന് ആധാരമായി ഉപയോഗിച്ച പോൾ നാഹത്തിന്റെ കാഴ്ച്ചപ്പാടിനെ അടിസ്ഥാനമാക്കി പറയട്ടെ, തുല്യത, സ്വാതന്ത്ര്യം എന്നിവയുടെ അടിത്തയിൽ വികസിക്കുന്ന കർതൃത്വപരമായ ഇടപെടലിനു മാത്രമേ മതേതരസങ്കല്പങ്ങളെ വികസിപ്പിക്കാനാവു. മതേതര പ്രതിസന്ധി മതങ്ങളുടെ പ്രതിസന്ധിയല്ല, അത് രാഷ്ട്രങ്ങളുടെ ധാർമ്മിക പ്രതിസന്ധിയാണ്.

# നന്മമരമായിരുന്ന വലിയ ഇടയൻ

ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ



ആത്മീയത മഞ്ഞുതുള്ളി പോലെ സുതാര്യവും ലളിതവുമാണ്. പക്ഷേ അത് കൈകാര്യം ചെയ്യുന്നവർ പ്രഭാഷണങ്ങളിലൂടെയും വാഗ്വാദങ്ങളിലൂടെയും അതിനെ സങ്കീർണ്ണമാക്കുകയാണ് പതിവ്. വേദങ്ങളുടെ പൊരുളിലേക്ക് മനസ്സുകൊണ്ട് ഇറങ്ങിച്ചെന്നവർ ലളിതമായും നർമ്മമധുരമായും ആത്മീയതയെക്കുറിച്ച് സംസാരിക്കും. അവരുടെ വാക്കുകൾ പ്രഭാഷണം കഴിഞ്ഞാലും മനുഷ്യരിൽ തങ്ങിനിൽക്കും. ഏകാന്തതകളിൽ ദൂരെ എവിടെയോ നിന്ന് ആ വാക്കുകൾ വീണ്ടും കടന്നുവന്ന് നമ്മുടെ ഓർമ്മകളെ സുഗന്ധപൂരിതമാക്കും. അത്തരത്തിലുള്ള ആത്മീയ ആചാര്യനായിരുന്നു കാലം ചെയ്ത പത്മഭൂഷണൻ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ. ഒരു ചെറിയ പുഞ്ചിരി, നർമ്മം കലർന്ന സംബോധന എത്ര ആളുകളെ ആണ് തന്നിലേക്ക് ആകർഷിച്ചത്. വേദവും അനുഭവങ്ങളുടെ ആഢ്യതയുമാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കിയത്. ചെറുപ്പകാലത്ത് ആത്മീയ ജീവിതത്തിന്റെ ഭാഗമായി മാതാപിതാക്കൾ നൽകിയ ശിക്ഷണങ്ങൾ, പള്ളിയും പള്ളിക്കൂടവും നൽകിയ ദിശാബോധവും വ്യത്യസ്തമായ വ്യക്തിത്വത്തിന്റെ ഉടമയാക്കി മാറ്റി. സുവിശേഷത്തെക്കുറിച്ച് പഠിച്ചത് വൈദിക പാഠശാലയിൽ നിന്നല്ല മറിച്ച് ആദിവാസികളുടെയും മുക്കുവരുടെയും ചുമട്ടുതൊഴിലാളികളുടെയും കൂടെ ഏറെക്കാലം വസിച്ച് അവരുടെ ഭാഷ വശമാക്കിയിരുന്നു. വലിയ കാര്യങ്ങൾ വലിയഭാഷയിൽ പറഞ്ഞാൽ അതിന്റെ കാമ്പ് അക്ഷരാഭ്യാസമില്ലാത്തവർക്ക് ഉൾക്കൊള്ളുവാൻ പ്രയാസമാണ്. അതിനാൽ വലിയകാര്യങ്ങൾ നർമ്മമധുരമായി ലളിതമായി പറഞ്ഞാൽ അവർ വേഗത്തിൽ മനസ്സിലാക്കുകയും ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യുമെന്ന് തിരുമേനി മനസ്സിലാക്കി. ഈ ബോധ്യം ജനക്കൂട്ടവുമായി എങ്ങനെ ആശയവിനിമയം ചെയ്യണം എന്നതിന്റെ ബാലപാഠം സ്വായത്തമാക്കി.

'സ്വർണ്ണനാവുള്ള' തിരുമേനി- നന്മയുടെ പ്രവാചകനായിരുന്നു. സുബ്രഹ്മണ്യൻ എന്ന നാടോടിബാലൻ 2005-ലെ ക്രിസ്മസ് ദിനത്തിൽ തിരുവല്ല വൈ.എം.സി.എ. ക്രമീകരിച്ച പരിപാടിയിൽ പങ്കെടുത്ത് തിരുമേനിയുമായുള്ള ആത്മബന്ധം ഒരു പുതിയ ജീവിതത്തിലേക്ക് കാലെടുത്ത് വയ്ക്കുവാൻ സഹായിച്ചു. ജീവിതം പച്ചപിടിപ്പിച്ച തിരുമേനിക്ക് ആദരാഞ്ജലികൾ അർപ്പിക്കുവാൻ എത്തിയത് ശ്രദ്ധേയമായിരുന്നു. അന്തിയുറങ്ങുവാൻ വീടില്ലാത്ത രണ്ടായിരത്തിലധികം കുടുംബങ്ങൾക്ക് ക്രിസോസ്റ്റം തിരുമേനിയുടെ നവതി ഭവനദാന പദ്ധതി തണലൊരുക്കി. പണമുള്ളവരെല്ലാം പണക്കാരല്ലെന്നും പണം ഇല്ലാത്തവർക്ക് കൊടുത്തു സഹായിക്കുന്നവരാണ് യഥാർത്ഥ പണക്കാരെന്നും തിരുമേനി പറഞ്ഞ് പഠിപ്പിച്ചു.

മറ്റ് മതസ്ഥരോടും ആഘോഷങ്ങളോടും തിരുമേനി എന്നും മമത പുലർത്തിയിരുന്നു. ഓണാഘോഷങ്ങളിലും മുസ്ലിം പെരുന്നാളുകളിലും തിരുമേനി അവരുടെ അതിഥികളായി മാറിയ സംഭവങ്ങളും വളരെയാണ്. ഒരിക്കൽ റംസാൻ കാലത്ത് ഇഫ്ത്താർ വിരുന്നിൽ തിരുമേനി മുസ്ലിം സഹോദരനോട് പറഞ്ഞു-നമുക്കെല്ലാവർക്കും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കാമല്ലോ. നിന്ദിതരുടെയും പീഡിതരുടെയും ദുഃഖങ്ങൾ ഏറ്റുവാങ്ങിയ ക്രിസ്തുവായിരുന്നു തിരുമേനിയുടെ വെളിച്ചം. അതിനാൽ ഏത് മതസ്ഥരോടും സഹകരിക്കുന്നതിന് പ്രയാസമൊന്നുമില്ലായിരുന്നു. ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ വള്ളംകളിയും വള്ളസദ്യയും നന്നായി ആസ്വദിച്ച തിരുമേനി ഹൈന്ദവ സമൂഹത്തിന്റെ ഹൃദയത്തിൽ എന്നും ഒരു ആദരവായിരുന്നു.

കലാലയങ്ങളിലെ കോളജ് യൂണിയൻ ഉദ്ഘാടനത്തിലും വാർഷിക ആഘോഷ ചടങ്ങുകളിലും തിരുമേനി സ്ഥിരം ക്ഷണിതാവാണ്. ഒരിക്കൽ മാർത്തോമ്മാ കോളേജിന്റെ ജൂബിലി ആഘോഷ ചടങ്ങിൽ അന്നത്തെ രാജ്യസഭ ഉപാദ്ധ്യക്ഷ നജ്മ ഹെപ്ത്തുള്ളയും സുപ്രീം കോടതി ജസ്റ്റിസ് കെ.ടി. തോമസും മുഖ്യാതിഥികൾ ആയിരുന്ന പ്രസംഗത്തിൽ തിരുമേനി പറഞ്ഞു- ഈ കലാലയം ഭാഗ്യവതിയാണ്, രാജ്യവും നീതിയും മഹത്വവും ഇവിടെ സമ്മേളിച്ചിരിക്കുകയാണ്. രാജ്യം-രാജ്യസഭ (നജ്മ), നീതി-സുപ്രീം കോടതി (ജഡ്ജി) മഹത്വം എല്ലാവരും ചിന്തിച്ചത് തിരുമേനി ആണെന്നാണ്. പക്ഷേ തിരുമേനി പറഞ്ഞത് ഇവിടെ കൂടിയിരിക്കുന്ന വിദ്യാർത്ഥി സുഹൃത്തുക്കൾ-നിങ്ങളാണ് ഈ കലാലയത്തിന്റെ മഹത്വം. ലോകത്തിന്റെ തന്നെ മഹത്വം അതിനാൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം-നർമ്മത്തിൽ കൊരുത്ത വാക്കുകൾക്ക് എന്തൊരു അർത്ഥം. നൂറ് വർഷത്തെ ജീവിതത്തെക്കുറിച്ച് ബ്ലസി തയ്യാറാക്കിയ ഡോക്യുമെന്ററി കണ്ടതിനുശേഷം ബ്ലസിയോട് ചോദിച്ചത് ഇത് ഞാൻ തന്നെയാണോ? ജീവിതം എന്നും ഒരു സംഭവമായി കാത്തു സൂക്ഷിച്ച തിരുമേനിയുടെ അന്ത്യവും ഒരു അത്ഭുതമായിരുന്നു. മരണത്തിനു ഒരു മാസം മുമ്പ് കബറടക്ക ശുശ്രൂഷയ്ക്കു വേണ്ട ക്രമീകരണം ചെയ്യുവാൻ മെത്രാപ്പോലീത്താ തിരുമേനിയോട് ആവശ്യപ്പെടാൻ സെക്രട്ടറി അച്ചനോട് പറഞ്ഞു തിരുമേനി-ബിലീവേഴ്സ് ആശുപത്രിയിൽ തനിക്ക് ശുശ്രൂഷ ചെയ്ത ഡോക്ടേഴ്സ്, നേഴ്സസ് എല്ലാവരോടും നന്ദി പറഞ്ഞതിനുശേഷം പുറപ്പെടുമ്പോൾ എല്ലാവർക്കും വിട എന്ന് കൈ ഉയർത്തി പറഞ്ഞത് അന്ത്യയാത്ര പറച്ചിൽ ആയിരുന്നു. എല്ലാവരെയും സ്നേഹിച്ച നന്മ മരമായിരുന്ന ആ വലിയ ഇടയൻ ദൈവസന്നിധിയിലേക്ക് യാത്രയായി. ഓർമ്മകൾ എന്നും പ്രചോദനമാകട്ടെ! ജീവൻ നൽകിയ ദൈവത്തിന് ഒരായിരം നന്ദി.

# പ്രകൃതിയും സമൂഹവും: വിലക്കുകളും ആവരണവുമില്ലാത്ത കാമ്പസുകൾ

■ ഡോ.റോയ്സ് മല്ലശേരി
(ചെയർമാൻ, വൈ.എം.സി.എ
ദേശീയ വിദ്യാഭ്യാസ ബോർഡ്)

സുസ്മിത മുഖങ്ങളുടെയും നിറച്ചാർത്തുകളുടെയും തണൽ മരങ്ങളുടെയും ശബ്ദ കോലാഹലങ്ങളുടെയും ഉത്സവഭൂമിയായിരുന്നു നമ്മുടെ കാമ്പസുകൾ. ഒറ്റപ്പെടലിന്റെയും ഉൾവലിയലിന്റെയും ഭാവങ്ങളുമായി ചേക്കേറിയിരുന്ന ആയിരങ്ങൾ സജ്ജീവതയുടെയും പ്രതികരണ ശേഷിയുടെയും വക്താക്കളായിട്ടാണ് കാമ്പസിനോട് വിട പറയുന്നത്. ഒരുങ്ങിയെത്തുവാൻ പ്രേരിപ്പിക്കുന്ന സൗന്ദര്യ ബോധം, പൊതിച്ചോറിന്റെ പങ്കിടലിലൂടെ അനുഭവിക്കുന്ന സഹജഭാവം, സമ്പന്ന-ദരിദ്രഭേദം കൽപ്പിക്കാത്ത മതേതര സഹവർത്തിത്വം, ഉദാത്ത സൗഹൃദങ്ങൾ തുടങ്ങിയവ കാമ്പസിന്റെ മുഖമുദ്രകളാണ്. തണൽ മരങ്ങളുടെ ചുവട്ടിലും കല്പടവുകളിലും ജീവിതാനുഭവങ്ങൾ പങ്കിട്ടിരുന്ന സംഘം ചേരലുകൾ അറിവുതേടലിന്റെ മുഖാന്തരങ്ങൾ ആയിരുന്നു. ജീവന്റെ ആഘോഷമായിരുന്നു ഓരോ കാമ്പസും.

കോവിഡ്-19 കലാലയ ജീവിതത്തിലെ രണ്ട് വർഷങ്ങൾ കവർന്നെടുത്തു. കാമ്പസ് കാണാതെ പഠനം നടത്തുന്ന പുതുതലമുറയുടെ അനുഭവങ്ങൾ ഏറ്റവും സങ്കടകരം. ആവരണത്തിലൂടെ മുഖം നഷ്ടപ്പെട്ടവർ, ഗുരുശിഷ്യ സ്പർശനത്തിന്റെ ധന്യത ഉൾക്കൊള്ളാതെ വീടുകൾക്കുള്ളിൽ കഴിയുന്നു. ഇലക്ട്രോണിക് സങ്കേതങ്ങളിലൂടെ ലഭിക്കുന്ന അറിവുകൾ മാത്രം വിദ്യാഭ്യാസമായി കരുതേണ്ടിവരുന്നു. കോവിഡ് പശ്ചാത്തലത്തിൽ നഷ്ടപ്പെടലിന്റെയും സാധ്യതകളുടെയും അനുഭവങ്ങളായി വിദ്യാഭ്യാസ രംഗത്തെ വിലയിരുത്താം. വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത് സമഗ്രവളർച്ചയാണ്. ക്ലാസ് മുറികളും, കാമ്പസും, ലൈബ്രറികളും, ഭവനവും, മാധ്യമങ്ങളും, നാട്ടിൻപുറവും, നഗരങ്ങളും, കൃഷിഭൂമിയും, പ്രകൃതിയും, സമൂഹവും അറിവ് തേടുന്ന ഇടങ്ങളാണ്. എന്നാൽ ക്ലാസ് മുറികളെയും അധ്യാപകരെയും മാത്രം ആശ്രയിച്ചുള്ള പഠനരീതിയായിരുന്നു പൊതുവെ നിലനിന്നിരുന്നത്. സാധ്യതകൾ ഏറെയുള്ള മറ്റിടങ്ങൾക്ക് സ്വയമേ നമ്മൾ 'ലോക്ഡൗൺ' കൽപ്പിച്ചിരുന്നു. പ്രകൃതിയുമായോ, മനുഷ്യസമൂഹങ്ങളുമായോ,

**നമ്മുടെ കുട്ടികൾ പ്രകൃതിയുമായും, കൃഷിയിടങ്ങളുമായും, പൊതുസമൂഹവുമായും ബന്ധപ്പെടുവാൻ കഴിയാതെ പോയ തെറ്റ് തിരിച്ചറിയണം. അധ്യാപകരെയും രക്ഷിതാക്കളെയും മാത്രം ആശ്രയിക്കുന്ന പഠനരീതി മാറി അറിവുതേടലിന്റെ പുതിയ സാധ്യതകൾ കണ്ടെത്തുവാൻ വിദ്യാർത്ഥികളെ സജ്ജരാക്കണം.**



മാധ്യമങ്ങളുമായോ ഒരു നിഷേധസമീപനമാണ് വിദ്യാർത്ഥികളും രക്ഷിതാക്കളും സ്വീകരിച്ചിരുന്നത്. സത്യത്തിൽ കോവിഡ്-19 മൂലം നിഷേധിക്കപ്പെട്ടത് കാമ്പസും, ക്ലാസ് മുറികളും മാത്രമായിരുന്നു. തന്മൂലം ഇവയുടെ വാതിലുകൾ അടഞ്ഞപ്പോൾ നേരിടേണ്ടിവന്ന സമ്പൂർണ്ണ അന്ധകാരവും ശ്വാസംമുട്ടലും കോവിഡിന്റെ മാത്രമല്ല നാം വർഷങ്ങളായി സ്വയമേ പ്രഖ്യാപിച്ചിരുന്ന ലോക്ഡൗണുകളുടെ അനന്തരഫലംകൂടിയായിരുന്നു.

അധ്യാപകനെ മാത്രം ആശ്രയിച്ചുള്ള പഠനരീതി വികസിതരാജ്യങ്ങൾ വർഷങ്ങൾക്ക് മുൻപേ തള്ളിക്കളഞ്ഞതാണ്. ക്ലാസ് മുറിക്ക് പുറത്ത് സമൂഹത്തിലും, പ്രകൃതിയിലും, അനുഭവങ്ങളിലും ഗുരുവിനെ കണ്ടെത്താൻ കഴിയണം. ക്ലാസുകളിൽ അധ്യാപകൻ അറിവിന്റെ ചൂണ്ടുപലകകൾ മാത്രം, ഒന്നിന്റെയും അവസാന വാക്കുകളല്ല. അറിവുകൾക്ക് പൂർണ്ണവിരാമം പാടില്ല. അന്വേഷണത്തിലൂടെ വിദ്യാർത്ഥി സ്വയം കണ്ടെത്തുന്ന നിഗമനങ്ങളാണ് അറിവിന്റെ സ്വഭാവം. നിഗമനങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുന്നുവെന്നത് അന്വേഷണത്തിന്റെയും ഗവേഷണത്തിന്റെയും ഫലങ്ങളാണ്. സമൂഹിക ഇടപെടലുകളോ, പ്രകൃതി നിരീക്ഷണമോ, വായനയോ, മാധ്യമ വിലയിരുത്തലുകളോ സ്വഭാവത്തിന്റെ ഭാഗമാക്കാതിരുന്ന പുതിയ തലമുറയ്ക്ക് ഏറ്റ കനത്ത ആഘാതമാണ് ഇപ്പോഴത്തെ ലോക്ഡൗൺ.

ജീവിതശൈലിയുടെയും നിലപാടുകളുടെയും പുതിയ 'വാക്സിനേഷൻ' ആണ് ഇന്നത്തെ തലമുറയ്ക്ക് ആവശ്യം. വൈറസുകൾ മാറിമാറി വരും. ലോക്ഡൗണുകൾ നമ്മുടെ മേൽ ഇനിയും ഉണ്ടാകാം. എന്നാൽ ആർക്കും വിലക്കാനാവാത്ത വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ഇനിയെങ്കിലും തിരിച്ചറിയണം. ഗുരു കാമ്പസിലായായും സമൂഹത്തിലായാലും ശ്രേഷ്ഠർ തന്നെ. വിദ്യാർത്ഥികളുടെ ജീവിതത്തെ ഏറെ സ്വാധീനിക്കുകയും ജീവിതാന്തം വരെ പ്രചോദക ശക്തിയായി നിലനിൽക്കുകയും ചെയ്യാറുമുണ്ട്. ഗുരു-ശിഷ്യർക്ക് പരസ്പരം ഇടപെടുവാനും ബന്ധം സ്ഥാപിക്കുവാനും 'അടച്ചിടൽ' തടസ്സമായി. എന്നാൽ പുതിയ വാതിലുകൾ കണ്ടെത്തുവാൻ നമുക്ക് കഴിയണം.

അറിവുതേടൽ വിദ്യാർത്ഥി കേന്ദ്രീകൃതമാണ്. പരീക്ഷയോ, ജോലിലഭ്യതയോ മാത്രം അതിന്റെ ലക്ഷ്യമാക്കരുത്. പരീക്ഷകൾ അംഗീകാരത്തിന്റെ സർട്ടിഫിക്കറ്റുകൾക്കാകരുത്. അറിവുതേടൽ പ്രക്രിയയിൽ സ്വയം വിധേയപെടേണ്ടുന്ന ഒരു മാനസീക അവസ്ഥയാണ് പരീക്ഷകൾ. വിലയിരുത്തപ്പെടുവാനും രൂപാന്തരീകരണത്തിനും ഇതു വഴിയൊരുക്കണം. ഏറ്റവും കൂടുതൽ മാർക്ക് പരീക്ഷയിൽ ലഭിക്കുന്നതുകൊണ്ട് ഒരാൾ ജീവിതത്തിൽ വിജയിക്കണമെന്നില്ല. പരീക്ഷയിൽ പൂജ്യം മാർക്ക് കിട്ടുന്നത് ഒരാളെ പരാജിതനായി കാണുവാനും സാധിക്കില്ല. പുതിയ ദിശകളിലേക്ക് 'പൂജ്യം' അവനെ നയിക്കുന്നു.

ലൈബ്രറികൾ ഇന്നത്തെ തലമുറയ്ക്ക് അപ്രിയമാണ്. പുസ്തകവായന അവർക്ക് അപ്രാപ്യം. എന്നാൽ ഡിജിറ്റൽ സങ്കേതങ്ങളിലൂടെ ഏറ്റവും പുതിയ അറിവുകൾ തേടുവാൻ അവർ പ്രാപ്തരാണ്. കോവിഡ്-19 ന്റെ അടച്ചുപൂട്ടൽ ചിലരെയൊക്കെ ഡിജിറ്റൽ ലോകത്തിലെ പൗരന്മാരാക്കുന്നുവെന്നത് സന്തോഷം നൽകുന്നു. പുതിയ തലമുറയെ ഡിജിറ്റൽ ലൈബ്രറി യുഗത്തിലേക്ക് നയിക്കുവാൻ സർക്കാരിനും വിദ്യാലയങ്ങൾക്കും രക്ഷിതാക്കൾക്കും കഴിയണം. പരിമിതികൾ ഇല്ലാത്ത ജ്ഞാനകവാടങ്ങൾ നമ്മുടെ കുട്ടികൾക്ക് തുറന്നുകൊടുക്കണം. ഓൺലൈൻ പരീക്ഷകളെയും അഭിമുഖങ്ങളെയും നേരിടുവാൻ ഇന്ന് ഏറെ അവസരം ഉണ്ട്. വിജയപരാജയങ്ങളല്ല സ്വയവിലയിരുത്തലുകളാണെന്ന് കുട്ടികളെ മനസ്സിലാക്കണം.

ഗ്രാമങ്ങളിലെ നെറ്റ് ലഭ്യതയില്ലായ്മയും, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ എന്നിവയുടെ അപര്യാപ്തതയും യാഥാർത്ഥ്യമായി നാം അംഗീകരിക്കണം. ഇക്കാര്യത്തിൽ സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണം. ഓരോ ഭവനത്തിലും ഒരു കമ്പ്യൂട്ടറും എല്ലാവർക്കും നെറ്റ് ലഭ്യതയും ഉറപ്പാക്കാൻ കഴിയണം. ദീർഘകാല പലിശരഹിത വായ്പയായി ഇതിന് പണം കണ്ടെത്തണം. ഭാവിതലമുറയുടെ രൂപപ്പെടലിന് മുൻഗണന നൽകി പണം കണ്ടെത്തുവാൻ സർക്കാർ ശ്രമിച്ചേ പറ്റൂ. ഭക്ഷണവും, പാർപ്പിടവും മാത്രമല്ല പഠന സാമഗ്രികളും വിദ്യാർത്ഥികൾക്ക് ഉറപ്പാക്കണം. വിദ്യാഭ്യാസത്തെ ലാഭം കൊയ്യാനുള്ള ബിസിനസ്സായി സമൂഹവും സർക്കാരും കാണരുത്. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവനും അവസരങ്ങൾ നിഷേധിക്കപ്പെടരുത്. ഇനി മറ്റൊരു മഹാമാരി നമ്മുടെ കുട്ടികളുടെ ഭാവി തകർക്കരുത്.

ഡിജിറ്റൽ യുഗത്തിൽ നമ്മുടെ കുട്ടികൾക്ക് വിലക്കുകൾ ഏർപ്പെടുത്തുക അസാധ്യമാണ്. എന്നാൽ അവർ ചതിക്കുഴികളിൽ വീഴാൻ സാധ്യത ഏറെയും. അപകടങ്ങൾ നിറഞ്ഞ റോഡിൽ ഒരിക്കലും നാം യാത്ര ചെയ്യില്ലായെന്ന് തീരുമാനിക്കാൻ പറ്റുമോ? അപകടങ്ങളെ പ്രതീക്ഷിച്ചുകൊണ്ട് ശ്രദ്ധയോടെ യാത്ര ചെയ്താൽ സുഗമ സഞ്ചാരം സാധിക്കും. രക്ഷിതാക്കളുടെ ശ്രദ്ധയിൽ, ഡിജിറ്റൽ റോഡുകളിൽ യാത്ര ചെയ്യുവാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കണം. അധ്യാപകരുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ പഠനാനുഭവങ്ങളുടെ പുതിയ സാധ്യതകൾ കണ്ടെത്തണം. നഷ്ടപ്പെടലുകളെയും വിലക്കുകളെയും പഴിച്ചിട്ട് കാര്യമില്ലല്ലോ. സാധ്യതകളെ സ്വാഗതം ചെയ്യുവാൻ നമുക്ക് കഴിയണം.

നമ്മുടെ കുട്ടികൾ പ്രകൃതിയുമായും, കൃഷിയിടങ്ങളുമായും, പൊതുസമൂഹവുമായും ബന്ധപ്പെടുവാൻ കഴിയാതെ പോയ തെറ്റ് തിരിച്ചറിയണം. അധ്യാപകരെയും രക്ഷിതാക്കളെയും മാത്രം ആശ്രയിക്കുന്ന പഠനരീതി മാറി അറിവുതേടലിന്റെ പുതിയ സാധ്യതകൾ കണ്ടെത്തുവാൻ വിദ്യാർത്ഥികളെ സജ്ജരാക്കണം. സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ട് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്ന സർക്കാർ നയം ശരിയല്ല. സമ്പന്നരും ദരിദ്രരും തമ്മിലുള്ള അകലം കൂട്ടുവാൻ സാഹചര്യങ്ങളെ അനുവദിക്കരുത്. കോവിഡ് – 19 ഉയർത്തിയ വെല്ലുവിളികൾ പുതിയൊരു വിദ്യാഭ്യാസ ദർശനത്തിനും തിരിച്ചറിവിനും തിരുത്തലിനും മുഖാന്തരമാകട്ടെ.



# വിദ്യാഭ്യാസം മിനിസ്ക്രീനിലേക്ക് മാറ്റപ്പെടുമ്പോൾ

റവ.ഡോ.അലക്സാണ്ടർ എ. തോമസ്
കീക്കൊഴൂർ

"The destiny of India is being shaped in her classrooms". പ്രസിദ്ധമായ കോത്താരി വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടിലെ (1964-66) ഈ വാക്കുകൾ സമസ്ത ലോകത്തിനും പ്രസക്തമാണ്. എന്നാൽ ഇതിന് വളരെ അസാധാരണവും, ശീഘ്രവുമായ പരിണാമമാണ് കോവിഡ് 19 വരുത്തിയത്. ക്ലാസ് മുറികളിൽ നിന്നും വിദ്യാഭ്യാസം മാറ്റപ്പെട്ട സ്ഥിതിയിൽ കുടെ ലോകം കടന്നുപോയി. അത് തുടർന്നുകൊണ്ടിരിക്കുന്നു. പാഠ്യപദ്ധതിയിൽ കംപ്യൂട്ടർ അനിവാര്യമാണെന്ന് വിദ്യാഭ്യാസവിദഗ്ദ്ധർ പറഞ്ഞിട്ട് അധികകാലമായില്ല. അതിനാൽ 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലെ 3 Rs, Reading, Writing, and Arithmatic എന്ന അടിസ്ഥാന വിദ്യാഭ്യാസ നിർവ്വചനത്തോടൊപ്പം Computer എന്ന നാലാമത്തെ ഘടകവും ചേർത്ത് പുതിയ സമവാക്യം വിദ്യാഭ്യാസ ചിന്തകർ രൂപപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ പ്രക്രിയയിൽ അതിന്റെ ആഗമനം ആരംഭിച്ചിരുന്നു. എന്നാൽ ഇത്ര വേഗത്തിൽ Internet വിദ്യാഭ്യാസ മേഖലയെ കീഴടക്കുമെന്ന് കരുതിയില്ല. കോവിഡ് 19 വിദ്യാഭ്യാസത്തെ പൂർണ്ണമായും കംപ്യൂട്ടർ യുഗത്തിൽ എത്തിച്ചു. LKG മുതൽ പഠനത്തിന്റെ എല്ലാ തലങ്ങളും Internet ന്റെ പരിധിയിലായി. വിദ്യാർത്ഥികൾ ക്ലാസ് മുറികളിൽ നിന്നും മിനി സ്ക്രീനിന്റെ മുമ്പിൽ എത്തിച്ചേർന്നു. സമാനതകളില്ലാത്ത ഈ പ്രതിഭാസം വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായമാണ് തുറന്നത്. ഇത് അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും, സാമൂഹ്യ, മാനസിക അവസ്ഥകളെ എപ്രകാരം സ്വാധീനിക്കുമെന്ന് വ്യക്തമാകുവാൻ സമയമായിട്ടില്ല. ഇതു സംബന്ധമായ പഠനങ്ങൾക്ക് സാവകാശം ലഭിക്കുന്നതിനു മുമ്പ് സംജാതമായ സ്ഥിതിവിശേഷത്തെ ലോകം പൂർണ്ണമായി സ്വീകരിച്ചു. അവിതർക്കമായ ഈ ചരിത്രമാറ്റത്തെ ശരിയായി വിശകലനം ചെയ്യേണ്ടതാണ്. തുടർ വിദ്യാഭ്യാസത്തിന്റെ ഫലസിദ്ധിക്ക് ഇത് അനിവാര്യമാണ്. അതിനാൽ നിഷേധാത്മകമായ നിലപാടുകൾക്ക് സ്ഥാനമില്ല. എപ്പോഴും നവീനമായ ആശയം കേൾക്കുമ്പോൾ അത് സ്വീകരിക്കാൻ മൂന്ന് മനോഭാവങ്ങൾ മനുഷ്യനിൽ രൂപപ്പെടുമെന്ന് മനഃശാസ്ത്ര വിദഗ്ദ്ധർ പറയുന്നു. അവ നിഷേധിക്കുക, അംഗീകരിക്കുക, സ്വീകരിക്കുക എന്നിവയാണ്. ഈ മൂന്ന് അവസ്ഥകൾക്ക് കാലതാമസം സംഭവിക്കാം. എന്നാൽ ഇതിൽ കൂടെ കടന്നുപോകാതെ ഇപ്പോൾ സംഭവിച്ച നവീനമായ മാറ്റത്തെ വേഗത്തിൽ ഉൾക്കൊള്ളാൻ ലോകം സജ്ജമായി. അവയെക്കുറിച്ച് ചിന്തിക്കുന്നത് ഉത്തമമായിരിക്കും.

**പുതിയ സാഹചര്യത്തിന്റെ പോരായ്മകൾ**

പുരാതന വിദ്യാഭ്യാസം ഗുരുമുഖത്തു നിന്നും, ഗുരുവിനോടൊപ്പം യാത്ര ചെയ്തും, കൂടെവസിച്ചുമായിരുന്നു. അവിടെ വിദ്യാർത്ഥി പരിശീലനം സിദ്ധിക്കുന്നത് അക്ഷരങ്ങളുടെയും, അക്കങ്ങളുടെയും, അപ്പുറത്തുള്ള വിജ്ഞാനത്തിലേക്കായിരുന്നു. അതിനാലാണ് ഗാന്ധിജി വാദ്യാഭ്യാസത്തെക്കുറിച്ച് " By education I mean an all-round drawing out of the best in the child and man-body, mind and spirit. Literacy is not the end of education or even the beginning" എന്നു പറഞ്ഞത്. പരസ്പരബന്ധിതവും, സമസൃഷ്ടങ്ങളെയും, പ്രകൃതിയെയും, മനസ്സിലാക്കിയും വിദ്യാഭ്യാസം നിർവ്വഹിക്കുമ്പോളാണ് മനുഷ്യനിൽ മാനവിയത ഉദയം ചെയ്യുന്നത്. കലാലയ അന്തരീക്ഷത്തിൽ ഈ ഗുണവിശേഷം സംജാതമാകണമെന്ന ഉദ്ദേശ്യത്തിൽ ഗുരുകുല വിദ്യാഭ്യാസവും, പഠന ഗൃഹമായ സ്കൂളുകളും, ക്ലാസ് മുറികളും ക്രമപ്പെടുത്തി. അവിടെ വിജ്ഞാനത്തിന്റെ ഉള്ളറകൾ തുറക്കപ്പെടുന്നതോടൊപ്പം പൂർണ്ണതയുള്ള മനുഷ്യനും രൂപപ്പെടണമെന്ന് ചിന്തിച്ചിരുന്നു. അതിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ ഉളവായ നവീന സാഹചര്യത്തിൽ മിനി സ്ക്രീനിനു മുന്നിൽ ആരുമായും ബന്ധമില്ലാതെ അവിടെ പ്രത്യക്ഷപ്പെടുന്ന ചലിക്കുന്ന മനുഷ്യ രൂപങ്ങളോട് സംവദിക്കുന്ന വിദ്യാർത്ഥിയെയും, അധ്യാപകനെയും കാണുന്നു. ഇതു മൂലം അവരുടെ ചിന്തകളിലും, ഭാവങ്ങളിലും, സംഭവിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്? സ്ക്രീനിൽ കാണുന്ന ചിത്രരൂപങ്ങളെപ്പോലെ യാന്ത്രികത അവരിൽ സംഭവിക്കുമോ? ഇതെല്ലാം ഇനിയും, അന്വേഷിക്കേണ്ട വിഷയങ്ങളാണ്. വിദ്യാർത്ഥികളെ ഉത്തമ മനുഷ്യരും സമൂഹത്തിന്റെ സ്പന്ദനങ്ങളെ ഗ്രഹിക്കുന്നവരുമാക്കി തീർക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം. മിനി സ്ക്രീൻ വിദ്യാഭ്യാസത്തിൽ മൂല്യങ്ങൾ സംക്രമിക്കപ്പെടുമോ? കാര്യമായ അന്വേഷണം ഉണ്ടാകണം. എന്നാൽ ഇത് ഒഴിവാക്കാനാവാത്ത യാഥാർത്ഥ്യമായതിനാൽ ഈ വിദ്യാഭ്യാസ സമ്പ്രദായത്തെ മൂല്യാധിഷ്ഠിതമാക്കുവാൻ ശ്രമിക്കണം. അവിടെയാണ് മതവും, വിശ്വാസവും, പ്രസക്തമാകുന്നത്. ഈ വിഷയത്തിൽ സഭയുടെ പങ്കാളിത്തവും, ഉത്തരവാദിത്തവും വളരെയാണ്. കോവിഡ് 19 മനുഷ്യരിൽ സാമൂ



ഹ്യ അകലം സൃഷ്ടിക്കുമ്പോൾ മാനസിക അടുപ്പവും, സംഘബോധവും വിദ്യാർത്ഥികളിൽ വളർത്തിയെടുക്കാൻ വിദ്യാഭ്യാസത്തിനു കഴിയണം.

അതിനു സഹായകരമായി വർത്തമാനകാല വിദ്യാഭ്യാസ രീതിയെ രൂപപ്പെടുത്തേണ്ടതാണ്. വ്യത്യസ്തമായ വിദ്യാഭ്യാസ സമീപനങ്ങളും, പുനർ ക്രമീകരണങ്ങളും, ആവശ്യമാണ്. വിദ്യ പകരുന്ന ഗുരുവിനെയും, ആദ്ധ്യാത്മിക ചിന്തകൾ പങ്കിടുന്ന ആചാര്യനെയും ആദർശങ്ങളുടെ ആൾരൂപങ്ങളായി കണ്ടിരുന്ന നാടാണ് ഭാരതം. എന്നാൽ അവർ സ്ക്രീനിലെ ചിത്രങ്ങളും, അവരുടെ വാക്കുകൾ സ്പീക്കറുകളുടെ ഉല്പന്നങ്ങളുമായി തിരുമ്പോൾ അവരെ ശ്രദ്ധിക്കുന്നവരിൽ രൂപാന്തരവും, ആദർശങ്ങളും സൃഷ്ടിക്കപ്പെടുമോ? വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമായ മികവുള്ള മനുഷ്യനും, ഔന്നത്യമുള്ള സമൂഹവും നാം പങ്കിടുന്ന സാങ്കേതിക മാർഗ്ഗങ്ങളിൽ കൂടെ സാധ്യമാകുന്നില്ലെങ്കിൽ വിദ്യാഭ്യാസം അപ്രസക്തമാകും. മൂല്യബോധം സൃഷ്ടിക്കപ്പെടാത്ത വിദ്യാഭ്യാസത്തെക്കുറിച്ച് നാസി ഭരണകൂടം തടവിലാക്കിയ ഒരു യുവാവ് തന്റെ അധ്യാപികക്ക് അയച്ച കത്ത് പ്രസിദ്ധമാണ്. അതി പ്രകാരമാണ്.

"Dear teacher,
I am a survivor of the concentration camp
My eyes saw what no man should witness
Children poisioned by educated physicians
Infants killed by trained nurses
Women and babies were shot and burned by
high school graduates,
So I am suspicious of education
My request is,
Help your students to become humane
Your effort should never to produce
Learned monsters and skilled psychopaths
Reading,Writing,and Arithmetc are important only if
they serve to make our children more humane".

(ഓർമ്മകളുടെ തെരുവീഥിയിൽ, റവ.ഡോ.എം.ജെ. ജോസഫ്., പേജ്, 51)

വിദ്യാർത്ഥികളുടെ ബുദ്ധി മണ്ഡലം അറിവുകൾ സംഭരിച്ചിരിക്കുന്ന Data Storage ന്റെ ഇടം മാത്രമായി തീരുകയാണെങ്കിൽ അത് അപകടകരമാണ്. വിദ്യാഭ്യാസ ചിന്തകനായ ഡോ.എസ്സ്.രാധാകൃഷ്ണൻ പറയുന്നത് "Education is enlightment of soul that dispels ignorence and illuminates the individual" എന്നാണ്. ദിവ്യമായ ഈ ഗുണവിശേഷങ്ങൾ വിദ്യാഭ്യാസത്തിൽ കൂടെ രൂപപ്പെടണം. അതിനാൽ മിനി സ്ക്രീൻ വിദ്യാഭ്യാസം ശ്രേഷ്ഠതയുള്ളതാക്കാൻ ശ്രമിക്കണം. ഒഴിവാക്കാനാവാത്ത നൂതനമാറ്റത്തെ പൂർണ്ണമായി അംഗീകരിച്ച് വിദ്യാഭ്യാസത്തിന് സംഭവിച്ച രൂപമാറ്റം പുതിയ പന്ഥാവുകൾ തുറക്കുന്നതിനുള്ള അവസരങ്ങളാക്കി തീർക്കണം.

**കോവിഡ് 19 നൽകുന്ന സാദ്ധ്യതകൾ**

ഈ മഹാമാരി അനേകം പരിമിതികൾ മനുഷ്യന് നൽകി. ആശങ്കകൾ വർദ്ധിപ്പിച്ച് ജീവിതം ദുസ്സഹമാക്കി. എന്നാൽ തുറക്കപ്പെട്ട സാധ്യതകൾ നിരവധിയാണ്. പലപ്പോഴും ഈ സത്യം നാം വിസ്മരിക്കുന്നു. ആശയ വിനിമയ രംഗത്ത് (Communication) വിപ്ലവകരമായ പരിവർത്തനം സംഭവിച്ചു. Online ൽ കൂടെ ലോകം നമ്മുടെ കൈപ്പിടിയിലായി. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലെ ശാസ്ത്രിയ പുരോഗതിയുടെ വേഗത കണ്ടുകൊണ്ട് ഡോ.എസ്സ്.രാധാകൃഷ്ണൻ പറഞ്ഞത്, "The world became a global village'' എന്നാണ്. കോവിഡ് കാലത്ത് ഈ വാക്കുകൾ അതിന്റെ പൂർണ്ണ അർത്ഥത്തിൽ മനസ്സിലാക്കി. ഒരു ചെറിയ മുറിയിൽ ലോകം എത്തിച്ചേരുന്നത് നാം വിസ്മയത്തോടെ കണ്ടു. അതിൽ ഏവരും പങ്കുകാരായി. Webinar, Online Class, Zoom meeting, തുടങ്ങിയ വാക്കുകൾ പരിചിതവും, അവശ്യവുമായ പദങ്ങളായി തീർന്നു. അവയുടെ സാധ്യതകളെ പരമാവധി ഉപയോഗിച്ചു. ലോകത്തിന്റെ ഏതു ഭാഗത്തുള്ളവരുമായി സംവദിക്കുവാനും, അവരെ കേൾക്കുവാനും അവരിൽ നിന്ന് പഠിക്കുവാനും സാധിച്ചു. പ്രശസ്തരും, വിവിധ വിഷയങ്ങളിൽ ആധികാരികതയുള്ളവരും നമ്മുടെ മുന്നിൽ ആഗതരായി. ഇത് ഒരു വലിയ നേട്ടമാണ്. വിദ്യാഭ്യാസചിന്തയിൽ പുതിയ വഴിത്താര തുറന്നു. ബൗദ്ധിക ചക്രവാളം കൂടുതൽ വിശാലമായി. ഇപ്രകാരമുള്ള വിദ്യാഭ്യാസം തികച്ചും സൗജന്യമായി ലഭ്യമാകുന്നത് കാലഘട്ടത്തിന്റെ ഒരത്ഭുതമാണ്. ചിന്തകളുടെയും, പഠനങ്ങളുടെയും ജാലകങ്ങൾ വിശാലമായി തുറക്കപ്പെട്ടു. ക്ലാസ് മുറികളിൽ കൂടെ ലഭിക്കുന്ന അറിവുകളെക്കാൾ ഉപരിയായി വിജ്ഞാനം സമ്പാദിക്കാനുള്ള വിസ്തൃതമായ ഭൂമികയിലാണ് താൽപ്പര്യമുള്ളവർ എത്തിച്ചേർന്നത്. ശരിയായ ഒരുക്കവും, പരിശീലനവും,

നിർവ്വഹിച്ചിട്ടാണ് അധ്യാപകർ പഠിതാക്കളുടെ മുമ്പിൽ വരുന്നത്. ഇത് അധ്യപനത്തിന്റെ മേന്മ വർദ്ധിപ്പിച്ചതായി അനുഭവസ്ഥർ പറയുന്നു. ഒരു അധ്യാപികയോട് പുതിയ പഠനരീതിയെക്കുറിച്ച് ചോദിച്ചപ്പോൾ അവർ പറഞ്ഞത് "സാധാരണ നിർവ്വഹിക്കുന്ന ക്ലാസുകൾക്ക് തയ്യാറാവുന്നതിന്റെ പതിൻമടങ്ങ് ഒരുക്കം ഇപ്പോൾ ആവശ്യമാണ്. അതിന്റെ പ്രയോജനം വിദ്യാർത്ഥികൾക്ക് ലഭിക്കും. ഇത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുമെന്നതിന് സന്ദേഹമില്ല".

മിനി സ്ക്രീൻ വിദ്യാഭ്യാസം അധ്യാപകരുടെയും, വിദ്യാർത്ഥികളടെയും ബൗദ്ധിക നിലവാരം ഒരുപോലെ ഉയർത്തുന്നു. വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായ മനസ്സോടെ ഭയാശങ്കകൾ കൂടാതെ അധ്യാപകരുടെ മുന്നിൽ എത്തിച്ചേരാം.എന്നാൽ ലഭിക്കപ്പെട്ട ഈ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുന്നവരും ഉണ്ടാകാം. ഇതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ആധുനിക സംവേദനശാസ്ത്രത്തിന്റെ സാങ്കേതിക വശങ്ങൾ ശരിയായി മനസ്സിലാക്കാനും, ഉപയോഗിക്കാനും, അധ്യാപകരും, വിദ്യാർത്ഥികളും സജ്ജമായി. ഇത് സ്വാഭാവികമെന്ന് കരുതാതെ ചരിത്രത്തിനു മുമ്പേ പറക്കുന്ന പക്ഷികളായി നാം തീർന്നിരിക്കുന്നു എന്ന് ചിന്തിക്കുന്നതാണ് ഉത്തമം. ഇത് അഭിമാനകരമായ നേട്ടമാണ്. സാമ്പത്തികമായ ഏറ്റക്കുറച്ചിൽ കൂടാതെ ശാസ്ത്ര നേട്ടങ്ങളുടെ പങ്കുകാരായി ഏവരും തീർന്നത് ആധുനിക സമൂഹത്തിന്റെ തൊപ്പിയിൽ അഭിമാനത്തിന്റെ ഒരു പൊൻ തൂവൽ കൂടി ചാർത്തുന്ന അനുഭവമാണ്. പുതിയ നിഷ്ഠകളും ആരോഗ്യപരമായ സമീപനങ്ങളും, പ്രായഭേദം കൂടാതെ ഏവരും സ്വീകരിച്ചു. എല്ലായിടത്തും വ്യത്യസ്തത ദൃശ്യമായി. ഇപ്രകാരം ഒരു പുതിയ വ്യതിക്രമത്തിന് ലോകം തയ്യാറായിരിക്കുന്നു. അതുകൊണ്ട് The New Normal എന്ന വിശേഷണം പഠിതാക്കൾ നൽകിയിരിക്കുന്നു. അത് നല്ല നാളെക്കും പുത്തൻ ആശയങ്ങൾക്കും വഴിയൊരുക്കും. മാറ്റങ്ങളെ അഭിശപ്തമായി കാണാതെ അതിനെ പ്രതീക്ഷയോടെ പുൽകുന്നവരാകുമ്പോൾ നമ്മുടെ മുമ്പിൽ തുറക്കപ്പെടുന്നത് സാധ്യതകളുടെ പുത്തൻ ലോകമാണ്. പുതിയ വിദ്യാഭ്യാസ വർഷാരംഭത്തിന് തുടക്കം കുറിക്കുന്നു. വരും നാളുകളിൽ നമ്മുടെ സരസ്വതീ ക്ഷേത്രങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾ സംഭവിക്കുമെന്ന് ആർക്കും പറയാനാവില്ല. എന്നാൽകാലങ്ങളെ ശരിയായി തിരിച്ചറിയുമ്പോൾ അത് പ്രതീക്ഷയുടെ പൊൻവെളിച്ചം പകരും. പുതുവർഷം നൽകുന്ന നവീനമായ ആശയങ്ങൾ പ്രയോജനകരമാകുവാൻ സർവ്വേശരൻ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ജീവിതത്തെ പ്രതീക്ഷാ നിർഭരമായി കാണുവാനുള്ള ആഹ്വാനം ആധുനിക മലയാള കവി വി.മധുസൂദനൻ നായർ തന്റെ 'അടരുവാൻ വയ്യ' എന്ന കവിതയിൽ പങ്കിടുന്നു. അത് നമുക്കും പ്രചോദനമാകട്ടെ.

'ഇരുളിൻ മഹാനിദ്രയിൽ നിന്നുണർത്തിനീ
നിറമുള്ള ജീവിതപ്പീലി തന്നു - എന്റെ
ചിറകിനാകാശവും നീ തന്നു നിന്നാത്മ
ശിഖരത്തിലൊരു കൂടുതന്നു-ആത്മ
ശിഖരത്തിലൊരു കൂടു തന്നു.

## BOOK LAUNCH

THE BOOK






THE AUTHORS



Dr.Theodosius Mar Thoma Metropolitan Launched the Book on Friday 4 June 2021, in presence of Rev. K.E.Geevarghese, Secretary to the Metropolitan, and Authors: Prof. Dr. Kanayathu C Koshy and Mrs. Elizabeth Koshy|E-mail: kanayathu.koshy@gmail.com (E-Mail: kanayathu.koshy@gmail.com)

### "FRAGRANCE AND ABUNDANCE: GOD'S EARTH IN HUMAN HANDS"

Have you ever been wondering how nice it would be to have an easy to read and expert guide to navigate the maze of Sustainable Development and Faith Perspectives? Please do not be worried any more – Fragrance and Abundance is the answer. Our premise in the book is that Abundant Fragrance emanates from those who Care for Creation and live a Sustainable Lifestyle. Knowledge and Skills alone are not enough; our Ethics, Value systems and Attitude matter too. Both sets of skills feature most in Sustainable living. Herein lies the Beauty that adorns this Book and the Sustainability paradigm we craft.

Distributor: Christava Sahitya Samithy, Thiruvalla, Kerala 689101, INDIA. E-Mail: csstiruvalla@gmail.com
Price: INR ₹ 700 (India), USD ($) 20 (All other countries)

# അജപാലനം: ക്രിസ്താനുഗമനം

(യോഹന്നാൻ 21:15-19)

റവ. വിനോയ് ദാനിയേൽ
(കൊട്ടാരക്കര)



ഉയിർപ്പിനുശേഷമുള്ള നാലാമത്തെ പ്രത്യക്ഷതയാണിത് (20:15-18; 19-23, 26-29). മറ്റ് സുവിശേഷങ്ങളിൽ രേഖപ്പെടുത്താത്ത പ്രത്യക്ഷതാ സന്ദർഭങ്ങളാണ് യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ പ്രത്യക്ഷതകളിൽ വ്യക്തികളും ശിഷ്യസമൂഹവും ഉൾപ്പെടുന്നു. ഓരോ പ്രത്യക്ഷതയും അതുല്യമായ ഓരോ നിയോഗങ്ങളിലേക്കാണ് എത്തിച്ചേരുന്നത്. 21-ാം അദ്ധ്യായത്തിന്റെ 1 മുതൽ 19 വരെയുള്ള വാക്യങ്ങളിൽ പത്രോസിന്റെ യഥാസ്ഥാനത്തിനാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്.

**അന്വേഷണം: സ്നേഹ വിരുന്നിലേക്കുള്ള ക്ഷണം**

പ്രാതലോടുകൂടിയാണ് സംഭാഷണം ആരംഭിക്കുന്നത്. ഈ പ്രാതലിന് ഏറെ സവിശേഷതകളുണ്ട്. ഒരു പ്രഭാത ഭക്ഷണം എന്ന അർത്ഥത്തിൽ മാത്രം ഇതിനെ സമീപിക്കുവാൻ സാദ്ധ്യമല്ല. കർത്താവിന്റെ വിരുന്നുകളെല്ലാം സന്തോഷത്തിന്റെ സൂചകങ്ങളാണ്. വഴിമാറി സഞ്ചരിക്കുന്നവരെ അന്വേഷിച്ച് കണ്ടെത്തി അവരോടൊത്ത് ആസ്വദിച്ച പ്രാതലാണിത്. മൂന്നര വർഷം പിന്നോട്ട് നടന്നവരെയാണ് അന്വേഷിച്ച് കണ്ടെത്തിയത്. അവർ വലയും പടകും ഉപേക്ഷിച്ചാണ് യാത്ര ആരംഭിച്ചത്; അത് അവർ വീണ്ടും തിരികെയെടുത്തു. തിബര്യാസ് താടക കരയിൽ നിന്നാണ് യാത്രയാരംഭിച്ചത്. ഇപ്പോൾ അവർ അവിടെ തന്നെ നിൽക്കുന്നു. നഷ്ടഗണത്തിൽ ഉൾപ്പെടുത്തിയ മൂന്നര വർഷം തിരികെ പിടിക്കാനുള്ള വ്യഗ്രതയോടുകൂടിയ പരിശ്രമത്തിലായിരുന്നു പത്രോസിന്റെ നേതൃത്വത്തിലുള്ള ഏഴ് ശിഷ്യന്മാർ. അവർക്ക് നഷ്ടപ്പെട്ടു എന്നു വിചാരിച്ച കാലം പുതിയ അർത്ഥം നൽകി അവർക്ക് തിരികെ നൽകിയതാണ് ഈ വിരുന്ന്. വിരുന്ന് ആഘോഷിക്കുന്നത് സമൃദ്ധമായ ഒരു മീൻപിടുത്തത്തിന്റെ പശ്ചാത്തലത്തിലാണ്. കടലിനെ നന്നായി അറിയാവുന്ന അവർക്ക് മത്സ്യസമ്പത്തിനെക്കുറിച്ച് വ്യക്തതയുണ്ട്. പക്ഷേ, ആ മുഴുരാത്രിയിലെ അദ്ധ്വാനം വ്യർത്ഥമായിരുന്നു. അത് അവരെ നിരാശരാക്കി. കടുത്ത നിരാശയിൽ നിന്നുള്ള മടങ്ങിവരവിന്റെ ആഘോഷമായിട്ടാണ് ഇതിനെ കാണേണ്ടത്. ഗുരുവിന്റെ സ്നേഹവും ആർദ്രതയും ഒരു പ്രാവശ്യം കൂടി അറിഞ്ഞതിന്റെ സന്തോഷം. പിൻവാങ്ങൽ, നിഷ്ഫലത, നൈരാശ്യം ഇവയിൽ നിന്ന് തിരികെ കയറി വന്നതിന്റെ സന്തോഷവും അവർ പങ്കുവെച്ചു. അന്ത്യ അത്താഴം അവസാനത്തിന്റെ ആരംഭം എന്നു കരുതി അവസാനിപ്പിച്ച മറ്റു സുവിശേഷകരിൽ നിന്നും വ്യത്യസ്തമായി ഒരു പുലരിയിലെ പ്രഭാത ഭക്ഷണത്തിൽ കൂടി തുടർമാനം കുറിച്ചതാണ് ഈ അന്വേഷണം. സുവിശേഷം അവസാനിക്കുന്നില്ല എന്നതിന്റെ നേർരേഖയാണിത്. ക്രിസ്തുവിന്റെ അന്വേഷണം തുടരുന്നിടത്തോളം സുവിശേഷം തുടർന്നുകൊണ്ടിരിക്കും. അവസാനിക്കാത്ത സുവിശേഷത്തിന്റെ ഒരു പ്രതികരണമാണ് ഈ അന്വേഷണം.

**അറിവ്: സ്നേഹത്തിന്റെ ആഴങ്ങളിലേക്കുള്ള യാത്ര**

വ്യക്തിപരമായ ഒരു സംഭാഷണത്തിലേക്ക് യേശുവും പത്രോസും പ്രവേശിക്കുന്നു. ഹൃദയാവർജ്ജകമായ ചില ചോദ്യങ്ങളും അതിന് അതിന്റേതായ അർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ടുള്ള ഉത്തരവുമാണ് ഈ ഭാഗത്തിന്റെ

ഉള്ളടക്കം. യോഹന്നാന്റെ സുവിശേഷത്തെ സ്നേഹത്തിന്റെ സുവിശേഷമായാണ് കണക്കാക്കുന്നത്. ദൈവസ്നേഹത്തെക്കുറിച്ച് നന്നായി ഇതിൽ പ്രതിപാദിക്കുന്നു. 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു'(3:16). ദൈവസ്നേഹത്തിന്റെ പാരമ്യം വെളിപ്പെടുത്തുന്നതാണ് ഈ വാക്യം. എന്നാൽ 21:15-17 വരെയുള്ള ഭാഗം മറിച്ചൊരു ചിന്തയാണ് നമുക്ക് നൽകുന്നത്. യേശു പത്രോസിന്റെ സ്നേഹം ആവശ്യപ്പെടുകയാണ്. അതായത് ദൈവം മനുഷ്യന്റെ സ്നേഹം ആവശ്യപ്പെടുന്നു. നീ എന്നെ സ്നേഹിക്കുന്നുവോ എന്ന ചോദ്യം മനുഷ്യസ്നേഹത്തിന്റെ അതുല്യതയെ വെളിപ്പെടുത്തുന്നതാണ്. പത്രോസിലുള്ള സ്നേഹം അത്ര ശ്രേഷ്ടമായത് കൊണ്ടാണല്ലോ യേശു പത്രോസിൽ നിന്നും സ്നേഹം ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും. പത്രോസിനോട് മൂന്ന് പ്രാവശ്യമാണ് കർത്താവ് തുടർച്ചയായി ഈ സ്നേഹം ആവശ്യപ്പെടുന്നത്. പത്രോസ് കർത്താവിനെ മൂന്ന് പ്രാവശ്യം തള്ളിപ്പറഞ്ഞതിന് പത്രോസിനെ കൊണ്ട് മൂന്ന് പ്രാവശ്യം ഏറ്റുപറയിച്ചു എന്ന രീതിയിലുള്ള വ്യാഖ്യാനം ശരിയാണെന്ന് തോന്നുന്നില്ല. പത്രോസിന്റെ സ്നേഹം കർത്താവിന് ആവശ്യമാണെന്ന് മൂന്ന് പ്രാവശ്യം പത്രോസിനെ ബോദ്ധ്യപ്പെടുത്തുകയാണ് കർത്താവ് ചെയ്യുന്നത്. മറ്റുള്ളവയ്ക്കും, മറ്റുള്ളവർക്കും കൊടുക്കുന്നതിലും അധികം സ്നേഹം നൽകാൻ സാധിക്കുമോ എന്നാണ് പത്രോസിനോട് കർത്താവ് ചോദിക്കുന്നത്. സ്നേഹത്തിന്റെ ആഴം തിരിച്ചറിയുന്നത് മറവില്ലാത്ത തുറന്നുപറച്ചിലിലൂടെയാണ്. മുമ്പ് പറഞ്ഞിരുന്ന മറുപടികളിൽ നിന്ന് വ്യത്യസ്തമായി നീ സകലവും അറിയുന്നു എന്ന് പറഞ്ഞതിൽ കൂടി തനിക്കൊന്നും ക്രിസ്തുവിന്റെ മുമ്പിൽ മറച്ചുവെയ്ക്കാൻ ഇല്ലായെന്ന് പത്രോസ് ഏറ്റുപറയുകയാണ്. തനിക്ക് പത്രോസ് എന്ന് പേര് നൽകിയതു മുതൽ യോഹന്നാന്റെ മകനായ ശിമോനെ എന്ന് വിളിക്കുന്ന നാഴിക വരെയുള്ള സംഭവങ്ങൾ പത്രോസ് ഓർത്തെടുത്ത് മറുപടി നൽകിയതാണ് നീ സകലവും അറിയുന്നുവല്ലോ എന്ന മറുപടി. എല്ലാം അറിയുന്നവന്റെ മുമ്പിൽ താൻ നിൽക്കുന്നു എന്ന് ശരിയായ ബോധം ഇതിൽ കൂടി പ്രതിഫലിക്കുന്നു. അറിവ് എന്നത് ആഴത്തിലുള്ള മനസ്സിലാക്കലാണ്. തിബര്യാസ് തടാകത്തിന്റെ സാദ്ധ്യതകൾക്ക് അപ്പുറം കർത്താവിനെ സ്നേഹിക്കാൻ കഴിയുമോ എന്നതും പ്രസക്തമാണ്. തിബര്യാസ് തടാകത്തിൽ ഒന്നും ലഭിക്കാൻ സാദ്ധ്യതയില്ലാത്തതു കൊണ്ടാണ് കർത്താവിനെ സ്നേഹിക്കുന്നത് എന്ന് വന്നുകൂടാ. അവിടെ അനന്ത സാദ്ധ്യതകൾ കാത്തു നിൽക്കുന്നുണ്ട്. 153 വലിയ മീനിന്റെ സാദ്ധ്യത. അതിനെ ഉപേക്ഷിച്ച് വരുവാൻ നീ തയ്യാറാണോ എന്നാണ് കർത്താവിന്റെ ചോദ്യം. ഇവിടെ സ്നേഹത്തിന് ഉപയോഗിച്ചിരിക്കുന്ന വാക്കുകളെക്കുറിച്ച് വിശദമായ പഠനം നടന്നിട്ടുണ്ട്. യേശുവും പത്രോസും വ്യത്യസ്ത വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഉപയോഗിച്ചിരിക്കുന്ന വാക്കിന്റെ പ്രസക്തിയെക്കാൾ ആ സന്ദർഭത്തിൽ അവർ കൈമാറിയ ഹൃദയത്തിന്റെ ഭാവങ്ങളാണ് പ്രധാനം. ഇതിൽക്കൂടി കർത്താവ് പത്രോസിനോട് പറയുവാൻ ശ്രമിക്കുന്നത് ശ്രേഷ്ടമായ സ്നേഹം നിന്നിലുണ്ട്. ആ സ്നേഹം നൽകി എന്നെ അനുഗമിക്കുക എന്നതാണ്. സ്നേഹത്തിന്റെ പ്രതിഫലനം അനുഗമനത്തിന്റെ പാതയിലേക്കാണ് നയിക്കുന്നത്.

**അനുഗമനം: വ്യതിചലിക്കാതെയുള്ള അനുധാവനം**

അനുഗമനം ഒരു പുതിയ ബന്ധത്തിന്റെ തുടക്കമാണ്. സ്നേഹത്തിന്റെ ചങ്ങലയാൽ ബന്ധിതമായ യാത്രയാണ്. ഈ നിയോഗം; പത്രോസിനോട് പറയുന്നത് ഇനി മുതൽ നിന്റെ യാത്രയുടെ നായകൻ നീയല്ല. അനുഗമിക്കുക മാത്രമാണ് നിന്റെ ഉത്തരവാദിത്തം. മുമ്പ് നടന്നതു പോലെയല്ല, സ്ഥിരതയോടെ വ്യതിചലിക്കാതെയുള്ള യാത്ര. മരണത്തിന്റെ നാഴിക വരെയുള്ള യാത്ര. ക്രിസ്തു ശിഷ്യരുടെ വഴികളിലൂടെയുള്ള അനുധാവനം. സാക്ഷ്യത്തിന്റെ, രക്തസാക്ഷിത്തത്തിന്റെ, വഴികളിലൂടെയുള്ള യാത്ര. ഒരുവന് സ്നേഹം നൽകി കഴിഞ്ഞാൽ ആ വ്യക്തിയുടെ കൂടെയല്ലാതെ പിന്നെ ആരുടെ കൂടെയാണ് യാത്ര ചെയ്യാൻ സാധിക്കുക. പത്രോസ് അത് തിരിച്ചറിഞ്ഞ് ക്രിസ്തുവിന്റെ കൂടെ യാത്ര തുടരുന്നതാണ് ഇതിന്റെ ഇതിവൃത്തം. സ്നേഹിക്കുന്നോ എന്ന ചോദ്യത്തിന് മാത്രം ഊന്നൽ നൽകി ഈ സംഭവത്തെ വിശദീകരിക്കുന്നത് ശരിയായ കാഴ്ച്ചപ്പാടല്ല. അതിനൊപ്പം തന്നെ പ്രാധാന്യം അർഹിക്കുന്നതാണ് ആടുകളെ പാലിക്കുക എന്നുള്ളത്. തന്നെ സ്നേഹിക്കുന്ന വ്യക്തിക്കു മാത്രമേ തന്റെ ആടുകളെ പാലിക്കുവാൻ സാധിക്കുകയുള്ളൂ. ഇത് ഇടയശുശ്രൂഷയിലേക്കുള്ള യേശുവിന്റെ ക്ഷണമാണ്. സ്നേഹിതന്റെ പിൻപേ നടന്ന് ആടുകൾക്ക് വഴികാട്ടിയായി തീരുവാനുള്ള ക്ഷണം പത്രോസിന് ലഭിച്ചു. നന്നായി അറിയുന്നവന്റെ കൂടെയുള്ള നടത്തം അതിനാണ് പത്രോസിനെ കർത്താവ് ക്ഷണിക്കുന്നത്. നേതൃത്വത്തിലേക്ക് പത്രോസിനെ കൊണ്ടുവരുന്നു എന്ന ചിന്തയ്ക്കപ്പുറമായി ശിഷ്യത്വത്തിലേക്ക് പത്രോസിനെ പുനർനിയോഗിക്കുകയാണ് ഇവിടെ. ശിഷ്യത്വത്തിന് യോഹന്നാൻ ഉപയോഗിച്ചിരുന്ന വാക്കുകൾ വന്നു കാണുക, കൂടെ വസിക്കുക എന്നൊക്കെയാണ്. അനുഗമനവും വിരളമായി ഉപയോഗിച്ചിട്ടുണ്ട്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദം അനുഗമനമാണ്. ഇനി യാത്ര വ്യതിചലിക്കാതെ ഗുരുവിന് പിൻപേ ഗുരു ഏൽപ്പിക്കുന്ന അജഗണങ്ങൾക്കു മുൻപേ മരണം വരെ തുടരാനുള്ള നിയോഗം.

ഉള്ള് ഉലയ്ക്കുന്ന സംഭാഷണങ്ങളിൽ കൂടി നിയോഗത്തിന്റെ വഴികളിലേക്ക് പത്രോസിനെ നയിക്കുകയാണ് കർത്താവ് ഇവിടെ. പത്രോസിന്റെ സ്നേഹത്തിന്റെ ആഴം ഗ്രഹിച്ച കർത്താവ് തന്റെ അജഗണങ്ങളെ പരിപാലിക്കുവാൻ പത്രോസിനെ നിയോഗിക്കുന്നു. ആഴത്തിൽ സ്നേഹിക്കുന്നവനെ തന്റെ അജഗണങ്ങളെ പാലിക്കുവാൻ കഴിയുകയുള്ളൂ എന്ന് കർത്താവിന് അറിയാം. അതിന് യോഗ്യൻ 'നീ സകലവും അറിയുന്നു' എന്നു ഏറ്റു പറയുന്നവനാണ്.

# ദൈവജനവും സാക്ഷ്യവും

(മത്താ. 5:13-16)

■ **റവ. എം. പി. ശാമുവേൽ**
(മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി, കോട്ടയം)

**ലോകത്തെ സംബന്ധിച്ച ദൈവിക ദൗത്യത്തിന്റെ വാഹകർ ആകുമ്പോഴാണ് സഭ ദൈവജനമാകുന്നത്. നിരാലംബരായ ജീവിതങ്ങൾക്ക് അർത്ഥവും രുചിയും ഇരുൾ നിറഞ്ഞ ജീവിത അനുഭവങ്ങളിൽ പുതിയ ദിശാബോധവും പകരുന്ന സാന്നിദ്ധ്യമാകുമ്പോഴാണ് സഭ ദൈവജനമാകുന്നത്.**

ദൈവത്തിന്റെ ലോകത്തിൽ ദൈവികദൗത്യം നിർവ്വഹിക്കുവാൻ വിളിച്ചു വേർതിരിക്കപ്പെട്ട സമൂഹമാണ് ദൈവജനം. ഏതെങ്കിലും ഒരു പ്രത്യേക വിഭാഗം ജനതയെ ദൈവജനം എന്നു വിശേഷിപ്പിക്കുമ്പോൾ ബാക്കിയുള്ള ജനതകൾ ദൈവത്തിന്റെ ജനമല്ലയോ എന്ന ചോദ്യം പ്രസക്തമാണ്. എല്ലാവരും ദൈവത്തിന്റേതാണ് എന്ന അടിസ്ഥാനബോധ്യത്തിലാണ് വേദപുസ്തകത്തിൽ ദൈവജനം എന്നതിനെ അടയാളപ്പെടുത്തുന്നത്. ദൈവത്തിന്റെ സമസ്ത ജനങ്ങളോടും ഉള്ള ബന്ധത്തിലും, അവയുടെ മധ്യത്തിലുമാണ് തെരഞ്ഞെടുക്കപ്പെട്ട ദൈവജനം എന്ന സംജ്ഞയെ മനസ്സിലാക്കേണ്ടതും, വിലയിരുത്തേണ്ടതും. സകലസൃഷ്ടിയെയും കുറിച്ചുള്ള ദൈവിക ദൗത്യത്തിന്റെ നിർവ്വഹണത്തിനായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവർ എന്ന ബോധ്യത്തിലാണ് പഴയ നിയമ യിസ്രായേൽ ദൈവജനമായിത്തീർന്നത്.

'സാക്ഷ്യം' എന്ന പദം പ്രഥമമായി ഒരു നിയമസംവിധാനത്തിൽ ഉപയോഗിക്കുന്നതാണ്. ഒരു വസ്തുതയെ സംബന്ധിച്ച് നേരിട്ട് അറിവുള്ളതും, നിയമവ്യവസ്ഥയ്ക്ക് മുൻപിൽ അവയെ വെളിപ്പെടുത്തുവാൻ സന്നദ്ധതയുള്ളതുമായ വ്യക്തിയാണ് സാക്ഷിയെന്നുപറയാം. സാക്ഷ്യം എന്ന പദം പഴയനിയമ യിസ്രായേലിന്റെയും ക്രൈസ്തവസമൂഹത്തിന്റെയും ജീവിതത്തെയും ദൗത്യത്തെയും വെളിപ്പെടുത്തുന്നതിനായി ആലങ്കാരികമായി ഉപയോഗിച്ചുവരുന്നു. ദൈവത്തിന്റെ ദാസരായി തെരഞ്ഞെടുക്കപ്പെട്ട ദൈവജനത്തിന് ദൈവത്തിന്റെ സ്വഭാവത്തെയും മനസ്സിനെയും സാക്ഷിക്കുന്ന ഉത്തരവാദിത്തമാണ് ഉള്ളതെന്ന് 'നിങ്ങൾ എന്റെ സാക്ഷികൾ' എന്ന് പ്രവാസ ജനതയോടുള്ള പ്രവാചകന്റെ വാക്കുകളിൽ വ്യക്തമാണ് (യെശ. 43:10,12; 44:8). ദൈവജനം എന്ന അവസ്ഥയിൽ അഭേദ്യമായി ഉൾച്ചേർന്നിരിക്കുന്ന അനുഭവമായി സാക്ഷ്യത്തെ പഴയനിയമ യിസ്രായേലിന്റെയും പുതിയനിയമസഭയുടെയും ജീവിതം വരച്ചുകാണിക്കുന്നു.

മത്തായി എഴുതിയ സുവിശേഷത്തിൽ, എപ്രകാരമാണ് ഒരു സാക്ഷ്യസമൂഹമായി സഭ എന്ന ദൈവജനം നിലനിൽക്കേണ്ടത് എന്ന് വ്യക്തമാക്കുന്നു. യേശുക്രിസ്തുവിൽ സമർപ്പിക്കപ്പെട്ടതും, ദൈവിക രക്ഷാസാന്നിധ്യത്തിന്റെ അടയാളമായി നിലനിന്നതുമായ ഒരു ചെറുസമൂഹത്തിന്റെ ഇടയിൽ രൂപപ്പെട്ടതാണ് ഈ സുവിശേഷം. സഭ എന്ന പ്രധാന ചിന്തയിലൂടെ, ദൈവജനം ഒരു ബദൽ സമൂഹമായി ജീവിക്കുന്നതിന് ആവശ്യമായ കാര്യങ്ങളെ ഈ സുവിശേഷം വെളിപ്പെടുത്തുന്നു. റോമൻ സാമ്രാജ്യത്തിന്റെയും യഹൂദാ മതനേതൃത്വത്തിന്റെയും അധികാരഘടനകളെ പ്രതിരോധിച്ചുകൊണ്ട്, അത്തരം സമൂഹമാതൃകകളിൽ നിന്നും വ്യത്യസ്തമായ ലോകവീക്ഷണവും സാമൂഹ്യ അവബോധവും പുലർത്തുന്ന ദൈവജനത്തിന്റെ രൂപീകരണമാണ് ഈ സുവിശേഷത്തിൽ ദർശിക്കുന്നത്.

ലോകത്തിന്റെ സാമ്രാജ്യങ്ങൾക്കും അധികാരസങ്കൽപങ്ങൾക്കും ബദലായി ഒരു സാക്ഷ്യസമൂഹത്തിന്റെ നിർമ്മിതിയാണ് യേശുവിന്റെ ഉപദേശങ്ങളുടെയും പ്രവർത്തനങ്ങളുടെയും ലക്ഷ്യം. മത്തായി 5-7 വരെയുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്ന പർവ്വതപ്രസംഗം ഇപ്രകാരം രൂപപ്പെടുന്ന ദൈവജനത്തിന്റെ സ്വത്വത്തെയും ജീവിതശൈലിയെയും കുറിച്ചുള്ള പാഠങ്ങളാണ്. മത്താ. 5:13-16



വരെയുള്ള ഭാഗങ്ങളിൽ ക്രിസ്തീയ ശിഷ്യത്വത്തിന്റെ അന്തഃസത്തയെ വെളിപ്പെടുത്തുന്ന രണ്ടു പ്രതീകങ്ങളിലൂടെ ദൈവജനത്തിന്റെ അസ്തിത്വത്തെയും ദൗത്യത്തെയും യേശു പഠിപ്പിക്കുന്നു. 'നിങ്ങൾ ഭൂമിയുടെ ഉപ്പ് ആകുന്നു', 'നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു' എന്നീ രണ്ടു പ്രസ്താവനകൾ, ദൈവജനത്തിന്റെ ആളത്തത്തിന്റെയും, സാക്ഷ്യജീവിതത്തിന്റെയും വിവിധ തലങ്ങളിലേക്കു വെളിച്ചം വീശുന്നവയാണ്.

**ദൈവജനം: ദൗത്യം അന്തർലീനമായിരിക്കുന്ന അസ്തിത്വം (People of God: Identity in which Mission is Inherent)**

ദൈവത്തിന്റെ സൃഷ്ടികളുടെ മധ്യത്തിലുള്ള ദൈവിക ദൗത്യമാണ് ദൈവജനം എന്ന പദവിയിൽ അടങ്ങിയിരിക്കുന്നത്. ദൈവികദൗത്യം എന്നാൽ ദൈവത്തിന്റെ മനസ്സിന്റെയും സ്വഭാവത്തിന്റെയും പ്രതിഫലനമാണ്. അതുകൊണ്ട് ഈ ദൈവികമനസ്സിനെയും സ്വഭാവത്തെയും ലോകത്തിൽ പ്രകാശിപ്പിക്കുക എന്ന കടമയാണ് ദൈവജനം എന്ന പ്രയോഗത്തിൽ ഉൾച്ചേർന്നിരിക്കുന്നത്. ദൈവികദൗത്യത്തിൽ നിന്ന് അന്യമായൊരു അസ്തിത്വം ദൈവജനത്തിന് ഇല്ല എന്നതാണ് വസ്തുത. ക്രിസ്തുശിഷ്യന്റെ അസ്തിത്വത്തെ നിർവ്വചിക്കുന്നത് ക്രിസ്തീയ ദൗത്യത്തിലാണ്.

ഉപ്പ്, വെളിച്ചം എന്നീ പ്രതീകങ്ങൾ, ദൈവജനത്തിന്റെ അസ്തിത്വത്തിൽ ദൗത്യം എത്രമാത്രം ഇഴുകിച്ചേർന്നിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. ഉപ്പ്രസം ഉപ്പിൽനിന്നും, പ്രകാശിക്കുന്ന അനുഭവം വെളിച്ചത്തിൽനിന്നും വേർതിരിക്കുവാൻ സാധിക്കില്ല. ദൈവത്തിന്റെ മനസ്സിനെ പ്രതിഫലിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തിന് അതിൽനിന്ന് അകന്ന് ഒരു അസ്തിത്വം ഇല്ല എന്നുള്ളതാണ് സത്യം. സാമ്രാജ്യത്വ-യഹൂദ അധികാര ഘടനകളെ പ്രതിരോധിച്ചുകൊണ്ട്, ദൈവജനം എന്ന തനിമ സൂക്ഷിക്കുന്ന ക്രിസ്തുശിഷ്യരുടെ ചെറുസമൂഹത്തെയാണ് ഈ പ്രതീകങ്ങൾ പ്രതിനിധീകരിക്കുന്നത്. 'കാരമില്ലാതെ പോവുക' എന്നതിന് ഉപയോഗിച്ചിരിക്കുന്ന പദം വേദപുസ്തകത്തിൽ പല ഭാഗത്തും ദൈവഹിതത്തിന് വിരുദ്ധമായി വിവേകശൂന്യമായി പ്രവർത്തിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഇത് ശിഷ്യസമൂഹത്തിന് ഒരു മുന്നറിയിപ്പാണ്. പറയിൻകീഴിൽ വെയ്ക്കുന്ന വിളക്കും ദൗത്യത്തെ പ്രതിഫലിപ്പിക്കാത്ത ജീവിതത്തെ സൂചിപ്പിക്കുന്നു. ദൈവികദൗത്യത്തിൽ നിന്നകന്ന് ജീവിക്കുമ്പോൾ ദൈവജനത്തിന്റെ ഉണ്മയാണ് നഷ്ടപ്പെടുന്നത്. ദൈവജനം എന്ന നിലയിൽ സഭ ആകുന്നത് ദൗത്യത്തിൽ നിലനിൽക്കുമ്പോഴാണ്. സഭയുടെ പ്രോഗ്രാമുകളായി ദൗത്യം മാറുമ്പോൾ ദൈവജനം എന്ന അസ്തിത്വമാണ് നഷ്ടമാകുന്നത്. ദൈവജനത്തെ സംബന്ധിച്ച് ദൗത്യം അതിന്റെ ഉണ്മയാണ്, ജീവനാണ്.

**ദൈവജനം: അർത്ഥദായക സാന്നിദ്ധ്യം (People of God: A Presence that Gives Meaning to Life)**

ദൈവിക ഉദ്ദേശ്യത്തെ പ്രതിഫലിപ്പിക്കുന്ന സാക്ഷ്യസമൂഹമായി ദൈവത്തിന്റെ ലോകത്തിൽ തങ്ങളുടെ സാന്നിധ്യത്തെ അടയാളപ്പെടുത്തുന്നതിനുള്ള വെല്ലുവിളിയാണ് ദൈവജനത്തിനുള്ളത്. 'ഭൂമിയുടെ' ഉപ്പും, 'ലോകത്തിന്റെ' വെളിച്ചവും സൂചിപ്പിക്കുന്നത് ദൈവജനത്തിന്റെ ജീവിതം ദൈവം സൃഷ്ടിച്ച ഭൂമിയോട്/ലോകത്തോട് ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. ദൈവജനം ജീവിക്കുന്ന ലോകം ദൈവം സൃഷ്ടിച്ചതാണ്. അവിടെ ദരിദ്രർ, ദുഃഖിക്കുന്നവർ, ബലഹീനർ, വിശന്നും ദാഹിച്ചും കഴിയുന്നവർ, അധികാര വർഗ്ഗങ്ങളുടെ ചൂഷണത്തിനു വിധേയരായവർ (5:3-6) തുടങ്ങിയ ജനവിഭാഗങ്ങളുടെ മധ്യത്തിലാണ് അവരുടെ ജീവിതം. ഇങ്ങനെ ജീവിതത്തിന്റെ അർത്ഥം നഷ്ടപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിതത്തിൽ അർത്ഥം പകരുന്ന ഇടപെടലുകൾ നടത്തുവാനാണ് ദൈവജനം വിളിക്കപ്പെട്ടിരിക്കുന്നത്. കരുണയും ഹൃദയശുദ്ധിയും സമാധാനവും സഹനവും പ്രകടിപ്പിച്ചുകൊണ്ട് (5:7-12) ദൈവത്തിന്റെ മനസ്സിനെ വെളിപ്പെടുത്തുന്ന സാന്നിദ്ധ്യമാകുവാനാണ് ദൈവജനത്തിന് സാധിക്കേണ്ടത്.

ഉപ്പ്, വെളിച്ചം എന്നീ പ്രതീകങ്ങൾ അപരന്റെ ജീവിതത്തിന് അർത്ഥം നൽകുന്ന അടയാളങ്ങളാണ്. ഉപ്പ് അതിനു തന്നെ രുചി പകരുകയല്ല, ആവശ്യമായ അളവിലുള്ള ഉപ്പിന്റെ സാന്നിദ്ധ്യം ഭക്ഷണത്തിന് രുചി പകരുന്നതാണ്. അതുപോലെ ശിഷ്യസമൂഹം തങ്ങൾക്കുവേണ്ടിയല്ല, തങ്ങളുടെ ജീവിതയിടങ്ങൾക്കു രുചി പകരുവാനാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്. പ്രകാശത്തെയും ഇപ്രകാരം മനസ്സിലാക്കാവുന്നതാണ്. പ്രപഞ്ചത്തെയും അവയിലുള്ള സകലത്തെയും അവയുടെ വൈവിധ്യങ്ങളിൽ കാണുവാനും തിരിച്ചറിയുവാനും സഹായിക്കുന്നത് വെളിച്ചമാണ്. വ്യത്യസ്ത വർണ്ണങ്ങളാൽ അലംകൃതമായ പ്രപഞ്ചത്തെ ആ ഭംഗിയിൽ ദർശിക്കുവാൻ സഹായിക്കുന്നത് പ്രകാശമാണെന്ന് പറയാം. ഈ ഭൂമിയെ അതിന്റെ വർണ്ണാഭമായ അനുഭവത്തിൽ നിലനിർത്തുന്നത് സൂര്യപ്രകാശത്തിന്റെ സാന്നിധ്യത്താലാണല്ലോ. അപരന്റെ ജീവിതത്തിന് അർത്ഥം നൽകുമ്പോഴാണ് ദൈവജനത്തിന്റെ സാന്നിദ്ധ്യം അടയാളപ്പെടുത്തുന്നത്. വിശ്വാസസമൂഹത്തിന്റെ ലോകത്തിലെ സാന്നിദ്ധ്യം ലോകത്തെ സ്വാധീനിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യണം. 'നീ ഒരു അനുഗ്രഹമായിരിക്കും, നിന്നിൽ ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും' (ഉല്പ. 12:3) എന്നതാണ് അബ്രഹാമിലൂടെ യിസ്രായേൽ എന്ന ദൈവജനത്തിന് ലഭിച്ച നിയോഗം. അർത്ഥം നഷ്ടപ്പെട്ടവരും, അർത്ഥം കണ്ടെത്തുവാൻ പ്രയാസപ്പെടുന്നവരുമായ അരികുവൽകരിക്കപ്പെട്ട ജനതതികളുടെ ജീവിതങ്ങൾക്ക് അർത്ഥം നൽകുകയും കരുത്തുപകരുകയും ചെയ്യുമ്പോഴാണ് സഭ ദൈവജനം എന്ന സാക്ഷ്യം നിർവ്വഹിക്കുന്നത്.

**ദൈവജനം: ദിശാബോധം നൽകുന്ന സമൂഹം (People of God: A Community that Gives Direction to Others)**

ശിഷ്യസമൂഹം എന്ന ദൈവജനം ഇരുൾ മൂടിയ ലോകത്തിന് നീതിയും ന്യായവും നിറഞ്ഞ പ്രവൃത്തികളിലൂടെ ദിശാബോധം പകരുന്ന വെളിച്ചമാണ്. 'നല്ല പ്രവൃത്തികൾ' എന്നത് ഭാഗ്യവർണ്ണനകളിലും, പർവ്വത പ്രസംഗത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിലും വിവരിക്കുന്നവയാണ്. ശിഷ്യസമൂഹത്തിന്റെ ജീവിതം ദൈവമഹത്വ

ത്തിനായുള്ള വിശ്വാസത്തിന്റെ സാക്ഷ്യം ആകണം എന്നാണ് മത്തായി പറയുന്ന്. റോമൻ സാമ്രാജ്യത്തിന്റെയും യഹൂദാമതനേതൃത്വത്തിന്റെയും അധികാരഘടനകൾ മുൻപോട്ടു വയ്ക്കുന്ന സമൂഹമാതൃകകൾക്കു ബദലായി ഒരു പുതിയ സാമൂഹ്യബോധമാണ് ദൈവജനം രൂപപ്പെടുത്തേണ്ടത്. ദൈവജനം എന്ന സമൂഹത്തിന്റെ ലക്ഷ്യംതന്നെ ദൈവത്തിന് മഹത്വം കരേറ്റുവാൻ മറ്റുള്ളവരെ ശക്തരാക്കുക എന്നതാണ്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ സ്നേഹത്തിന്റെ മായാത്ത ചിത്രങ്ങൾ ദൈവജനത്തിന്റെ നല്ല പ്രവൃത്തികളിൽ നിറയുമ്പോഴാണ് ഇതരസമൂഹങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നത്. യഹൂദരും, ഇതരജാതിയിലുള്ളവരും, സ്ത്രീകളും പുരുഷന്മാരും, ബലഹീനരും അധികാരികളും ഉൾപ്പെടെ എല്ലാവരുടെയും മുൻപിൽ ദൈവജനത്തിന്റെ വെളിച്ചം പ്രകാശിക്കേണ്ടതാണ്.

കഷ്ടപ്പെടുന്ന ദാസന്റെ പ്രതീകത്തിലൂടെ പഴയനിയമ യിസ്രായേൽ ജനതയോടു യെശയ്യാപ്രവാചകൻ പ്രസ്താവിക്കുന്നത് ഈ വസ്തുതയാണ്. 'ഞാൻ നിന്നെ ജാതികൾക്കു പ്രകാശമായും' (49:6), 'ജനത്തിന് നിയമമായും' (49:9) വെച്ചിരിക്കുന്നു എന്ന് പറയുമ്പോൾ സകല ജാതികളും ജനവും പിന്തുടരേണ്ട ജീവിതമാതൃകയാണ് യഹോവയുടെ ദാസൻ എന്നാണ് അർത്ഥമാക്കുന്നത്. പ്രതികൂലമായ സാഹചര്യങ്ങളിൽ ദൈവജനം പുലർത്തേണ്ട ജീവിതശൈലിയെ സംബന്ധിച്ച ദിശാബോധം പകരുന്നതാണ് ഇത്. ഇരുൾ നിറഞ്ഞ ജീവിതാനുഭവങ്ങളിൽ പകച്ചുനിൽക്കുന്ന ലോകത്തിന് സാധ്യതകളുടെ പുതുവഴികളെ ചൂണ്ടിക്കാണിച്ച മുൻപേ പറക്കുന്ന പക്ഷികളായി പ്രവർത്തിക്കുമ്പോഴാണ് സഭ ദൈവജനമാകുന്നത്.

ദൈവരാജ്യനീതിക്കനുസൃതമായി ജീവിക്കുന്ന ഒരു സാക്ഷ്യസമൂഹത്തിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഇന്ന് ലോകം കടന്നുപോകുന്ന പ്രതിസന്ധികൾ വളരെയാണ്. ഇവയുടെ മധ്യത്തിലാണ് സഭ ദൈവജനം എന്ന സാക്ഷ്യം ഉയർത്തേണ്ടത്. ലോകത്തെ സംബന്ധിച്ച ദൈവിക ദൗത്യത്തിന്റെ വാഹകർ ആകുമ്പോഴാണ് സഭ ദൈവജനമാകുന്നത്. നിരാലംബരായ ജീവിതങ്ങൾക്ക് അർത്ഥവും രുചിയും ഇരുൾ നിറഞ്ഞ ജീവിത അനുഭവങ്ങളിൽ പുതിയ ദിശാബോധവും പകരുന്ന സാന്നിദ്ധ്യമാകുമ്പോഴാണ് സഭ ദൈവജനമാകുന്നത്. ഏതു വെല്ലുവിളികളുടെ മദ്ധ്യത്തിലും ജീവനെ പരിപോഷിപ്പിക്കുകയും വ്യക്തമായ നിലപാടുകളിലൂടെ മനുഷ്യാവകാശങ്ങൾക്കായി നിലയുറപ്പിക്കുകയും സകല ജനതകളും ദൈവത്തിന്റെ സ്വന്തമെന്ന് കണ്ടു അവരുടെ ജീവിതാവശ്യങ്ങളിൽ സൃഷ്ടിപരമായി ഇടപെടുകയും ചെയ്തുകൊണ്ട് ദൈവജനം എന്ന സാക്ഷ്യം ഉയർത്തുവാനാണ് സഭയ്ക്ക് സാധിക്കേണ്ടത്.

## ●●| പുസ്തക പരിചയം |●●




**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ജീവിതസായാഹ്നത്തിൽ നിർവഹിച്ച ധ്യാനപ്രസംഗങ്ങളുടെ സമാഹാരമാണ്, സായന്തന ധ്യാനങ്ങൾ. ചരിത്രത്തിൽ സമാനതകളില്ലാത്ത പ്രതിസന്ധി സൃഷ്ടിച്ച കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ലോകമാകെ വിറങ്ങലിച്ചു നിന്ന ആ ഘട്ടത്തിൽ ഞായർ ദിനങ്ങളിലും സഭയുടെ വിശേഷ ദിനങ്ങളിലും പൂലാത്തിൻ ചാപ്പലിൽ തിരുമനസ്സുകൊണ്ട് അനുഷ്ഠിച്ച വിശുദ്ധ കുർബാന ശുശ്രൂഷകളോടൊപ്പം നടത്തിയ ധ്യാനപ്രസംഗങ്ങളാണിവ. തിരക്കുകളിൽ നിന്നും ആരവങ്ങളിൽ നിന്നും അകന്ന പ്രശാന്തമനസ്സിൽ നിന്നും ഉയർകൊണ്ട ധ്യാനചിന്തകൾക്ക് ദർശന ചാരുതയേറും. പത്തൊൻപത് ധ്യാനപ്രസംഗങ്ങളുണ്ട്, ഈ സമാഹാരത്തിൽ. ദർശന വ്യാപ്തിയിലേക്ക് നയിക്കുന്ന ദൈവിക ഇടപെടലുകൾ, ആകുലതിമിരം മൂടാത്ത വിശ്വാസദൃഷ്ടികൾ, ക്രിസ്തുവിന്റെ ആതിഥേയത്വത്തിലേക്കുള്ള ക്ഷണം, ദൈവസ്നേഹത്താൽ സനാഥമാകുന്ന ജീവിതം, വേദനകളിൽ തലോടി ആശ്വസിപ്പിക്കുന്ന മശിഹാ, സൃഷ്ടി ദൈവത്തിന്റെ മഹത്വം വർണ്ണിക്കുന്നു എന്നിങ്ങനെ ഓരോ ധ്യാനവും അനുവാചകരുടെ അനുദിന ജീവിതത്തിന് പ്രചോദനം പകരുന്നവയാണ്. പീഡാനുഭവവാരത്തോടു ബന്ധപ്പെട്ട്, നാല്പതാം വെള്ളി, ഹോശന്നാ, പെസഹാ, ദുഃഖവെള്ളി, ഉയിർപ്പ് എന്നീ ദിനങ്ങളിലെ ധ്യാനചിന്തകൾ കുരിശിന്റെയും ശിഷ്യത്വത്തിന്റെയും മഹത്വം വെളിപ്പെടുത്തുന്നവയാണ്.

മെത്രാപ്പോലീത്തായുടെ ധ്യാനചിന്തകൾക്ക് മൂന്ന് സവിശേഷതകൾ എടുത്തു പറയേണ്ടതുണ്ട്. ഒന്ന്, സുദീർഘമായ ജീവിതയാത്രയിലേക്ക് തിരിഞ്ഞുനോക്കി അനുഭവസമ്പന്നമായ മനസ്സിൽ നിന്ന് രൂപപ്പെട്ട ജീവിതപാഠങ്ങൾ ഇവയിൽ വെളിപ്പെടുത്തുന്നുണ്ട്. രണ്ട്, ചരിത്രത്തിൽ നിന്നും ഉരുത്തിരിഞ്ഞ ചിന്തകൾക്ക് ചരിത്രബോധത്തിന്റെ ബലിഷ്ഠമായ ഒരടിത്തറയുണ്ട്. മൂന്ന്, വസന്തയുടെയും വറുതിയുടെയും കാലഘട്ടത്തിൽ സുവിശേഷം നല്കുന്ന പ്രത്യാശയുടെ ദർശനം ഈ ചിന്തകളെ പ്രകാശമണിയിക്കുന്നുണ്ട്. ഗ്രന്ഥത്തിന്റെ അവതാരികയിൽ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ രേഖപ്പെടുത്തിയ വാക്കുകൾ ഇവിടെ പ്രസക്തമാണ്: 'ദൈവജനത്തെ വിശ്വാസത്തിൽ ബലപ്പെടുത്തുന്നതിനും ധ്യാനാത്മകമായ പ്രബോധനങ്ങളിലൂടെ ഭവനങ്ങളെത്തന്നെ ആരാധനാലയങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നതിനും ഏറെ അനുഗ്രഹപ്രദമാണ്, ഈ ധ്യാനപ്രസംഗങ്ങൾ.' സായന്തന ധ്യാനങ്ങളുടെ രണ്ടാം ഭാഗം 'സാദരസ്മരണകളാ'ണ്. അഭിവന്ദ്യ മെത്രാപ്പോലീത്തായോടൊപ്പം സെക്രട്ടറിമാരായി സേവനമനുഷ്ഠിച്ച യുവവൈദികർ രേഖപ്പെടുത്തിയ സ്മരണകളാണ് 'സാദരസ്മരണകളു'ടെ ഉള്ളടക്കം. തിരുമേനിയുടെ മഹിതവ്യക്തിത്വത്തിന്റെ വിവിധ തലങ്ങൾ വിവിധ വീക്ഷണങ്ങളിലൂടെ സ്മരണകളിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. വിശേഷിച്ച് മെത്രാപ്പോലീത്തായുടെ ജീവിതസായാഹ്നത്തെക്കുറിക്കുന്ന അനുഭവതീവ്രമായ കുറിപ്പുകൾ തിരുമേനിയുടെ ജീവിതവും ദർശനവും അന്വേഷിക്കുന്നവർക്ക് വിലപ്പെട്ട രേഖകളാണ്. ഇവ രേഖപ്പെടുത്തിയ യുവവൈദികരോട് നാം കടപ്പെട്ടിരിക്കുന്നു. പ്രശാന്തമായ മനസ്സിൽനിന്ന് ഉയിരെടുത്ത ധ്യാനപ്രഭാഷണങ്ങളും മെത്രാപ്പോലീത്തായെ അടുത്തറിഞ്ഞവർ രേഖപ്പെടുത്തിയ സ്മരണകളും ധന്യമായ വായനാനുഭവമാണ്, പകരുന്നത്.

**റവ. ഡോ. മാത്യു ഡാനിയേൽ**
(സെക്രട്ടറി, സി.എസ്.എസ്.)

# മാർ ക്രിസോസ്റ്റം വലിയ തിരുമേനി ഒരു ഓർമ്മ

**അന്നമ്മ വർഗീസ്**
(ശാരോൺ മാർത്തോമ്മാ ചർച്ച്, പാലാരിവട്ടം)

ഇല്ല മരിക്കില്ല മരണമില്ല
ആറടി മണ്ണിലാക്കിയെന്നാകിലും
മണ്ണിനു മറയ്ക്കാനാവില്ലൊരിക്കലും
മിന്നിത്തിളങ്ങുമീ സ്വർണ്ണനാവിൻ പ്രഭ

കാലദേശാതിർത്തികൾ ലംഘിച്ചു
ചൈതന്യം ചൊരിഞ്ഞിടുന്നീയതിപര്യൻ
മധുരമധുരമാം മതേതരവീക്ഷണം
കാരുണ്യം നിറഞ്ഞു നിൽക്കുമീ മാനവകുലങ്ങളും

മതസൗഹാർദ്ദത്തിൻ പ്രസക്തിയും
നർമ്മത്തിൽ പൊതിഞ്ഞ ചിന്താശകലങ്ങളും
ചാരുതയോടെ വരച്ച ചിത്രകാരനല്ലേ
പ്രതിഭാധനനായിടുന്നോരീ കർമ്മനിരതൻ

സഭ തന്നാത്മാവിലാഴമാം ദർശനമേകി
ക്രിസ്തുവിൻ ദൗത്യവാഹകനായിടും ധർമ്മിഷ്ഠൻ
അശരണരായവർക്കംഗീകാരമേകി
കാരുണ്യക്കടലായി മിന്നിയീ സ്നേഹനാഥൻ

ഗിരിശൃംഗത്തിൻ ഗഹനതയും
സാഗരപ്പരപ്പിൻ വിശാലതയും
ജാതി മത വർഗ്ഗാതീത നീതിയും
തന്നാത്മീയദർശനത്തിൻ തിലകക്കുറിയല്ലോ

മിന്നിത്തിളങ്ങിയ സൂര്യതേജസുടഞ്ഞുവല്ലോ
ഇല്ലില്ല നാഥൻ തൻ സന്നിധേ ചേർന്നുവല്ലോ
എങ്കിലും നിശബ്ദമൊരു നോവായ് തേങ്ങുന്നവൻ
മറഞ്ഞു പോയല്ലോ ആ നർമ്മോക്തിയും

## ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളേജിലേക്ക് മാർത്തോമ്മാ സഭാ സ്പോൺസർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

